بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം
7

ലക്കം
43-44

വാർഷിക
വരിസംഖ്യ
600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadrqadian.in

2022 ഒക്ടോ:27 – നവം:3 • ഹി. ശം. 1401 അഖാഅ് 27 – നുബുവ്വത്ത് 3

ഹിജ്റ 1444 റബീ:അവ്വൽ 30 – റബീ: ആഖർ 7

## അല്ലാഹുവിന്റെ വചനം

فَلَمَّا نَسُوۡا مَا ذُکِّرُوۡا بِہٖۤ
اَنۡجَیۡنَا الَّذِیۡنَ یَنۡہَوۡنَ عَنِ السُّوۡٓءِ
وَاَخَذۡنَا الَّذِیۡنَ ظَلَمُوۡا بِعَذَابٍۭ بَئِیۡسٍۭ
بِمَا کَانُوۡا یَفۡسُقُوۡنَ (الاعراف:166)

'അങ്ങനെ, അവരോടു ഉപദേശിക്കപ്പെട്ട കാര്യം അവർ വിസ്മരിച്ചപ്പോൾ തിന്മയെ തടയുന്നവരെ നാം രക്ഷപ്പെടുത്തി. അക്രമം പ്രവർത്തിച്ചവരെ അവർ കല്പന ലംഘിച്ചുകൊണ്ടിരുന്ന കാരണത്താൽ കഠിനമായ ശിക്ഷ(നല്കി)ക്കൊണ്ട് നാം പിടികൂടുകയും ചെയ്തു.'(7:166)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### ആടുകളെ മേയ്ക്കാത്ത ഒരു പ്രവാചകനുമില്ല.

(2262) അബൂഹുറയ്റ[റ] നിവേദനം; അല്ലാഹു നിയോഗിച്ച ഒരു പ്രവാചകൻപോലും ആടുകളെ മേയ്ക്കാതിരുന്നില്ല. അനുചരന്മാർ ചോദിച്ചു: അങ്ങയും ആടുകളെ മേയ്ച്ചിരുന്നുവോ? അതെ മക്കക്കാരുടെ ആടുകളെ നിശ്ചിത ഖീറാത്വിന് താൻ മേയ്ക്കാറുണ്ടായിരുന്നുവെന്ന് നബി(സ)പ്രത്യുത്തരം നല്കി.*(കിതാബുൽ ഇജാറത്തി)*

(വ്യാഖ്യാനം) ഹദ്റത്ത് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് ഇതിനു വ്യാഖ്യാനം നല്കിക്കൊണ്ടു പറയുന്നു: ഹദ്റത്ത് മൂസാ[അ] ആടുകളെ മേയിച്ചിരുന്ന സംഭവം സൂറാ ത്വാഹായിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പറയുന്നു: **അഹുശ്ശു ബിഹാ അലാ ഗനമീ** അതുകൊണ്ട് എന്റെ ആടുകൾക്കു ഞാൻ(വൃക്ഷത്തിന്റെ ഇലകൾ) തല്ലി വീഴ്ത്തിക്കൊടുക്കുകയും ചെയ്യുന്നു. (20:19). തൗറാത്തിലെ വെളിപാടു പുസ്തകത്തിലെ അധ്യായം 3-ൽ എഴുതിയിരിക്കുന്നു: 'മോശെ മിദ്യാനിലെ പുരോഹിതനും തന്റെ അമ്മായപ്പനുമായ യിത്രോവിന്റെ ആടുകളെ മേയിച്ചിരുന്നു.'*(പുറപ്പാട് 3:1)*

ഈ സംഭവത്തിലേക്കാണ് ഉപര്യുക്ത സൂറ ത്വാഹായിൽ പ്രതിപാദിക്കപ്പെട്ട സംഭവം സൂചനനല്കുന്നത്. ഹദ്റത്ത് ദാവൂദ്[അ]നെ സംബന്ധിച്ച് ശമൂവേൽ അധ്യായം 16-ൽ ഈ വാക്കുകളുണ്ട്.' നിന്റെ പുത്രന്മാർ എല്ലാവരുമായോ എന്ന് ശമൂവേൽ ചോദിച്ചതിന് അവൻ: ഇനി ഉള്ളതിൽ ഇളയവൻ ഉണ്ട്.അവൻ ആടുകളെ മേയ്ക്കയാകുന്നു എന്നു പറഞ്ഞു. ശമൂവേൽ യിശ്ശായിയോടു: ആളയച്ചു അവനെ വരുത്തുക; അവൻ വന്നിട്ടല്ലാതെ നാം പന്തിക്കിരിക്കയില്ല എന്നു പറഞ്ഞു. ഉടനെ അവൻ ആളയച്ചു അവനെ വരുത്തി.'*(ശമൂവേൽ 1, അധ്യായം 16:11-13)* ഉല്പത്തി അധ്യായം 7-ൽ ഹദ്റത്ത് നൂഹ്[അ]ന്റെ കപ്പലിൽ പക്ഷിമൃഗാദികൾ സഞ്ചരിച്ചതും അധ്യായം 12-ൽ ഹദ്റത്ത് ഇബ്റാഹീം[അ]ന്റെ അടുത്ത് ഹിജ്റത്തിന്റെ വേളകളിൽ കന്നുകാലികളും മറ്റും ധാരാളം ഉണ്ടായിരുന്നതായും വിവരം ലഭിക്കുന്നുണ്ട്.

പഴയ നിയമത്തിൽ (രാജാക്കന്മാർ, ദിനവൃത്താന്തം തുടങ്ങിയവ)വായിക്കുമ്പോൾ ഇസ്റാഈലി ഗോത്രങ്ങളുടെ നിത്യവൃത്തി കഴിഞ്ഞിരുന്നത് അധികവും ആടുകളിലും മറ്റുമായിരുന്നുവെന്ന് കാണാം.അവരുടെ വീടുകളിൽ ആട്ടിടയന്മാർ സർവസാധാരണമായിരുന്നു. കുട്ടിക്കാലംമുതലേ മൃഗങ്ങളെ തെളിച്ചുകൊണ്ട് മേച്ചിൽസ്ഥലങ്ങളിലും അരുവികളിലും കൊണ്ടുപോകാറുണ്ടായിരുന്നു. അവരിൽനിന്നുണ്ടായ നബിമാരും സ്വാലിഹുമാരും അക്കാലത്ത് ആട്ടിൻപറ്റങ്ങളോടൊപ്പം അധിക സമയവും ചെവഴിച്ചിരുന്നു. ചുരുക്കത്തിൽ നബി(സ)തിരുമേനിയുടെ ഉപര്യുക്ത ഉപദേശത്തിന്റെ സത്യസാക്ഷ്യം ചരിത്രത്തിൽ നിന്ന് ഉണ്ടാകുന്നുണ്ട്. പ്രാരംഭകാലത്ത് അതായത് കൃഷികൾ ചെയ്തുതുടങ്ങുന്നതിനുമുമ്പേ കന്നുകാലികളിലായിരുന്നു മനുഷ്യന്റെ നിത്യവൃത്തി നടന്നിരുന്നത്. നബി(സ)തിരുമേനിയുടെ വിവരണത്തിൽ മറ്റൊരു വ്യാഖ്യാനത്തിന്റെ ആവശ്യമില്ല. പ്രത്യുത മനുഷ്യചരിത്രത്തിൽ ഇക്കാര്യം നടന്നിരുന്ന സംഭവമെന്ന നിലയിൽ അംഗീകരിക്കപ്പെട്ടതാണ്. നബി(സ)തിരുമേനിയുടെ ജിവിത ചരിത്രത്തിൽ തൊഴിലെടുത്ത് ജീവിക്കുന്നത് കുറച്ചിലായി കണ്ട് അതിൽനിന്ന് പിന്മാറുകയും തെണ്ടിതിരിഞ്ഞ് നടക്കുകയും ചെയ്യുന്നവർക്ക് പാഠമുണ്ട്. ഭിക്ഷാടനം അങ്ങേയറ്റം നിന്ദ്യമായ ജോലിയാണ്. അത് അവർ സ്വീകരിക്കുന്നു. മുസ്‌ലിമീങ്ങളുടെ നാശത്തിനുള്ള ഏറ്റവും വലിയ കാരണവും അവർ കഠിനാധ്വാനം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ കാണിക്കാത്തതാണ്.(ബുഖാരി, വാള്യം 4, പ്രസാധനം 2008, ഖാദിയാൻ)

**അല്ലാഹു എന്റെ ആത്മാവിനെ എങ്ങനെയുള്ള മുസ്‌ലിം ആക്കിയിരിക്കുന്നുവെന്നാൽ ഏതെങ്കിലും വ്യക്തി ഒരു വർഷം മുഴുവനും എന്റെ മുമ്പിലിരുന്ന് എന്റെ ആത്മാവിനെ ഏറ്റവും നിന്ദ്യമായ ചീത്ത പറഞ്ഞുകൊണ്ടിരുന്നാലും അവസാനം അവൻ തന്നെയായിരിക്കും നാണം കെട്ട് എഴുന്നേറ്റുപോകുക.**

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: "ഞാനെന്റെ ആത്മാവിനെ എത്രമാത്രം നിയന്ത്രണത്തിൽ വെച്ചിരിക്കുന്നുവെന്നാൽ, അല്ലാഹു എന്റെ ആത്മാവിനെ എങ്ങനെയുള്ള മുസ്‌ലിം ആക്കിയിരിക്കുന്നുവെന്നാൽ ഏതെങ്കിലും വ്യക്തി ഒരു വർഷം മുഴുവനും എന്റെ മുമ്പിലിരുന്ന് എന്റെ ആത്മാവിനെ ഏറ്റവും നിന്ദ്യമായ ചീത്ത പറഞ്ഞുകൊണ്ടിരുന്നാലും അവസാനം അവൻതന്നെയായിരിക്കും നാണം കെട്ട് എഴുന്നേറ്റുപോകുക.

ജനങ്ങളുടെ ബുദ്ധിമുട്ടിക്കലിൽനിന്നും ദ്രോഹങ്ങളിൽനിന്നും അദ്ദേഹം ഒരിക്കലും ഭയപ്പെടുന്നവനായില്ല. ഇതുസംബന്ധമായി പറഞ്ഞു: 'ആദ്യം ആകാശത്തിൽ തീരുമാനിക്കപ്പെടാതെ ഒരു കാര്യവും ഭൂമിയിൽ സംഭവിക്കുന്നില്ല. അല്ലാഹുവിന്റെ ഉദ്ദേശ്യംകൂടാതെ ഒന്നും നടക്കുകയില്ല. അവൻ തന്റെ ദാസനെ നി ന്ദ്യനും നഷ്ടപ്പെട്ടവനുമാക്കുകയില്ല."

ജലന്ധർ എന്ന സ്ഥലത്ത് പറഞ്ഞു: പരീക്ഷണത്തിന്റെ നേരത്ത് എന്റെ ജമാഅത്തിലെ ചില ദുർബല ഹൃദയങ്ങളെ കുറിച്ചുള്ള ആശങ്കയാണ് നമുക്കുണ്ടാകുന്നത്. എന്റെ അവസ്ഥയെന്താണെന്നാൽ, നീ തള്ളിക്കളയപ്പെട്ടവനാണെന്നും നിന്റെ ഒരു ഉദ്ദേശ്യവും പൂർത്തിയാക്കുകയില്ലെന്നുമുള്ള വ്യക്തമായ അശരീരി കേട്ടാലും ആ സത്തയെക്കൊണ്ടു സത്യം ചെയ്ത് ഞാൻ പറയുന്നു, ഈ ദൈവസ്നേഹത്തിലും ദൈവാനുരക്തിയിലും ദീനീ സേവനത്തിലും ഒരു കുറവും വരുകയില്ല. കാരണം ഞാൻ അവനെ കണ്ടുകഴിഞ്ഞിരിക്കുന്നു."

ശേഷം പേജ് 10 ൽ

**ഇബ്റാഹീമിന് ഇത്രയൊക്കെ ഗണവിശേഷങ്ങളുണ്ടായിട്ടും അദ്ദേഹം ദാസനായിത്തന്നെ ഇരിക്കുകയും തന്റെ ഗുണവിശേഷങ്ങൾ തന്റേതെന്നു പറഞ്ഞുകൊണ്ട് ശിർക്കിനൊരിക്കലും ഇരയാകാതിരിക്കുകയും ചെയ്തു!**

സൂറത്തുന്നഹ്‌ലിന്റെ 121-ാം വചനമായ, **ഇന്ന ഇബ്റാഹീമ കാന ഉമ്മത്തൻ ഖാനിത്തൻ ലില്ലാഹി ഹനീഫൻ വലം യക്കു മിനൽ മുശ്‌രിക്കീൻ** (ഇബ്റാഹീം തീർച്ചയായും (സ്വയം)ഒരു സമുദായമായിരുന്നു. അദ്ദേഹം അല്ലാഹുവിനോടു വണക്കമുള്ളയാളും ഋജുമാനസനുമായിരുന്നു. അദ്ദേഹം ബഹുദൈവവിശ്വാസികളിൽപ്പെട്ട ആളായിരുന്നില്ല) എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു:

ഈ വചനത്തിൽ ഇബ്റാഹീം[അ]നെ സമുദായം എന്നു പറഞ്ഞിരിക്കുന്നു. അതിന്റെ ഒരു അർഥം ഇതാണ്. അദ്ദേഹം നന്മ ഉപദേശിക്കുന്നവ നും എല്ലാ തരത്തിലുള്ള നന്മയും ഒരുമിച്ചുകൂടിയ ആളുമായിരുന്നു. രണ്ടാമത്തേത് എന്റെ അഭിപ്രായത്തിൽ '**ഇജ്ത്തബാഹു**' എന്നതിലേക്കുള്ള സൂചനയുണ്ട്. അതായത് ഉമ്മത്തുകൾ അഥവാ സമുദായങ്ങൾ ജന്മംകൊള്ളാനുള്ള ശക്തികൾ അദ്ദേഹത്തിലുണ്ട്. വാസ്തവത്തിൽ ഈ ശക്തികൾ കാരണത്താലും ഉമ്മത്ത് എന്ന് പറയാവുന്നതാണ്. അതായത് ഉമ്മത്തെന്ന മരത്തിനുവേണ്ടിയുള്ള ബീജം എന്ന നിലയിലായിരുന്നു അദ്ദേഹം.

ഈ വചനത്തിൽ ഹദ്റത്ത് ഇബ്റാ

ശേഷം പേജ് 10 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

**''ഒരിക്കൽ നബി(സ)തിരുമേനി സ്വഹാബാക്കളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ഞാൻ നിങ്ങൾക്ക് ഒരു പാട് കൽപനകൾ നൽകി. പക്ഷേ, നിങ്ങളിലേറ്റവും ആത്മാർഥത ഉള്ളവരുടെ ഉള്ളിൽപോലും ചില സമയത്ത് ഞാൻ പ്രതിഷേധത്തിന്റെ ആത്മാവ് കാണുകയുണ്ടായി. പക്ഷേ, അബൂബക്റിൽ ഞാൻ ഈ ഒരവസ്ഥ കണ്ടിട്ടില്ല.''**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഖുത്ബ ജുമുഅ 2022 സെപ്റ്റംബർ 23/1401 തബൂക് 23,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)വിന്റെ സ്ഥാനമാഹാത്മ്യങ്ങളെ കുറിച്ചാണ് വിവരിച്ചുകൊണ്ടിരുന്നത്. ഇന്നും ഇത് തുടരുന്നതായിരിക്കും. ഹദ്റത്ത് ആഇശാ(റ)നിവേദനം: ***അല്ലദീനസ്തജാബൂ ലില്ലാഹി വർറസൂലി മിൻബഅ്ദി മാ അസ്വാബഹുമുൽഖർഹു ലില്ലദീന അഹ്സനൂ മിൻഹും വത്തഖൗ അജ്റുൻ അളീമുൻ***(3:173) തങ്ങൾക്കു പരിക്കേറ്റശേഷം അല്ലാഹുവിന്റേയും ദൂതന്റേയും വിളിക്ക് ഉത്തരം നല്കയിവർ-അവരിൽനിന്ന് സുകൃതം ചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തവർക്ക് മഹത്തായ പ്രതിഫലമുണ്ട്. ഇതിനെ സംബന്ധിച്ച് അവർ ഉർവയോട് പറഞ്ഞു: അല്ലയോ എന്റെ സഹോദരീ പുത്രാ! നിന്റെ പിതാവ് ഹദ്റത്ത് സുബയ്റും ഹദ്റത്ത് അബൂബക്റും(റ) ഇവരിൽ പെട്ടവരായിരുന്നു. ഉഹുദു ദിവസം നബി(സ)തിരുമേനിക്ക് ബുദ്ധിമുട്ടുകൾ ഏൽക്കേണ്ടി വന്നു. മുശ്രിക്കീങ്ങൾ പോ യിക്കഴിഞ്ഞപ്പോൾ അവർ തിരിച്ചു വരുമോ എന്ന് നബി(സ)തിരുമേനിക്ക് ആശങ്കയുണ്ടായി. നബി(സ)തിരുമേനി പറഞ്ഞു: 'ആരാണ് അവരെ പിന്തുടരുക.' അപ്പോൾ എഴുപതാളുകൾ അതിനുവേണ്ടി തങ്ങളെ സമർപ്പിച്ചു. ഉർവ പറയുന്നു: 'അവരിൽ ഹദ്റത്ത് അബൂബക്റും ഹദ്റത്ത് സുബയ്റും ഉണ്ടായിരുന്നു.'*(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ബാബു അല്ലദീനസ്തജാബൂ ലില്ലാഹി വർറസൂലി, രിവായത്ത് നമ്പർ 4077)*

അബൂസുഫിയാൻ ഉഹുദ് യുദ്ധം അവസാനിച്ച സമയത്ത് കുന്നിൻപുറത്ത് തന്നെയുണ്ടായിരുന്നു. അയാൾ പറഞ്ഞു: 'അടുത്തവർഷം ഇതേ ദിവസങ്ങളിൽ ബദ്റിൽ യുദ്ധമുണ്ടാകുമെന്നുള്ള വാഗ്ദാനമുണ്ട്.' നബി(സ)തിരുമേനി അത് സ്വീകരിച്ചപ്പോൾ അബൂ സുഫിയാൻ വേഗം തന്റെ സൈന്യവുമായി മക്കയിലേക്ക് തിരിച്ചു. അതിനെ തുടർന്നുള്ള സംഭവങ്ങൾ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇങ്ങനെ വിവരിക്കുന്നു:

നബി(സ)തിരുമേനി കൂടുതൽ കരുതൽ എന്ന നിലയ്ക്ക് ഉടൻതന്നെ എഴുപത് സ്വഹാബാക്കളുടെ സംഘത്തെ ഖുറയ്ശികളുടെ പിന്നാലെ പറഞ്ഞുവിട്ടു. അതിൽ ഹദ്റത്ത് അബൂബക്റും സുബയ്റും ഉണ്ടാ യിരുന്നു. ഇത് ബുഖാരിയുടെ നിവേദനമാകുന്നു. പൊതുവിൽ ചരിത്രകാരന്മാർ ഇങ്ങനെ വിവരിക്കുന്നു: നബി(സ)തിരുമേനി ഹദ്റത്ത് അലിയേയോ ചില നിവേദനങ്ങൾ പ്രകാരം ഹദ്റത്ത് സഅ്ദ് ബിൻ വഖാസിനേയോ ഖുറയ്ശികൾക്ക് പിന്നിൽ അയക്കുകയുണ്ടായി. അവരോട് പറഞ്ഞു: 'ഖുറയ്ശികൾക്ക് മദീനയെ ആക്രമിക്കാനുള്ള ഉദ്ദേശ്യമൊന്നുമില്ലല്ലോ എന്ന് മനസ്സിലാക്കി വരണം. നബി(സ)തിരുമേനി പറഞ്ഞു: ഖുറയ്ശികൾ ഒട്ടകത്തിൽ യാത്ര ചെയ്യുകയും കുതിരകളുടെ പുറത്ത് ആരുമില്ലാതിരിക്കുകയുമാണെങ്കിൽ അവർ മക്കയിലേക്ക് പോകുകയാണെന്നും മദീനയെ ആക്രമിക്കാൻ ആഗ്രഹിക്കുന്നില്ലെന്നും മനസിലാക്കുക. എന്നാൽ, അവർ കുതിരപ്പുറത്ത് സഞ്ചരിക്കുകയാണെങ്കിൽ അവരുടെ ഉദ്ദേശ്യം നല്ലതല്ലെന്നും മനസ്സിലാക്കിക്കൊള്ളുക. നബി(സ)തിരുമേനി ഖുറയ്ശികളുടെ സൈന്യം മദീനയിലേക്ക് തിരിയുകയാണെങ്കിൽ ഉടൻതന്നെ നബി(സ)തിരുമേനിക്ക് അറിയിപ്പ് കൊടുക്കണമെന്ന് അവിടന്ന് അവരോട് ആവർത്തിച്ച് പറഞ്ഞു. തുടർന്ന് നബി(സ)തിരുമേനി വളരെ ആവേശത്തോടുകൂടി പറഞ്ഞു: 'ഖുറയ്ശികൾ ഈ സമയത്ത് മദീനയെ ആക്രമിക്കുകയാണെങ്കിൽ അല്ലാഹുവാണ! നമ്മൾ അവരുടെ യുദ്ധത്തിന് അതിന്റെ രുചി അനുഭവിപ്പിക്കുന്നതാണ്.' തുടർന്ന് നബി(സ)തിരുമേനി നിജപ്പെടുത്തിയ ആളുകൾ നബി(സ)തിരുമേനിയുടെ നിർദേശപ്രകാരം പോകുകയുണ്ടായി. വളരെ പെട്ടെന്നുതന്നെ അവർ തിരിച്ചു വന്നു ഖുറയ്ശികളുടെ സൈന്യം മക്കയിലേക്ക് പോകുകയാണെന്ന് അറിയിച്ചു."*(സീറത്ത് ഖാത്തമുന്നബിയ്യീൻ പേജ് 499-500)*

ഹദ്റത്ത് അനസ് ബിൻ മാലിക്(റ)വിവരിക്കുന്നു: ഹദ്റത്ത് അബൂബക്ർ(റ), നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് ഉമറിനോട് പറഞ്ഞു: നമ്മുടെ കൂടെ ഉമ്മു അയ്മന്റെ അടുത്തു പോരുക. നാം അവരെ സന്ദർശിച്ച് വരുന്നതാണ്. നബി(സ)തിരുമേനി അവരെ സന്ദർശിക്കാൻ പോയിട്ടുണ്ടായിരുന്നതുപോലെ നമ്മളും അവരെ സന്ദർശിക്കാൻ പോകുന്നതാണ്. ഹദ്റത്ത് അനസ്(റ) പറയുന്നു: ഞങ്ങൾ അവരുടെ അടുത്തെത്തിയപ്പോൾ അവർ കരയാൻ തുടങ്ങി. അവർ രണ്ടുപേരും പറഞ്ഞു, താങ്കൾ എന്തിനാണ് കരയുന്നത്? എന്താണോ അല്ലാഹുവിന്റെ അടുത്തുള്ളത് അത് അവന്റേ റസൂലിന് ഏറ്റവും ഉചിതമായതാണ്. അവർ പറഞ്ഞു: അല്ലാഹുവിന്റെ പക്കലുള്ളതാണ് നബി(സ)തിരുമേനിക്ക് ഏറ്റവും അനുയോജ്യമായത് എന്നെനിക്കറിയാം. പക്ഷേ, ആകാശത്തുനിന്ന് വഹി നിലച്ചുപോയി എന്നതിനാലാണ് ഞാൻ കരയുന്നത്. ഹദ്റത്ത് അനസ്(റ) പറയുന്നു; ഉമ്മു അയ്മൻ അവർ രണ്ടു പേരേയും കരയിച്ചു. അവർ രണ്ടുപേരും അവരോടൊപ്പം കരയാൻ തുടങ്ങി.*(സുനൻ ഇബ്നു മാജ, കിതാബുൽജനാഇസ് ഹദീഥ് നമ്പർ 1635)*

നബി(സ)തിരുമേനി പറഞ്ഞു: 'ജനങ്ങളേ! അല്ലാഹു എന്നെ നിങ്ങളുടെ അടുക്കലേക്ക് നിയോഗിച്ചയച്ചു. നിങ്ങളെന്നെ കള്ളൻ എന്ന് പറഞ്ഞു. അബൂബക്ർ എന്നെ സത്യപ്പെടുത്തുകയും തന്റെ ജീവനും സ്വത്തും കൊണ്ട് എന്നോട് സഹാനുഭൂതി പ്രകടിപ്പിക്കുകയും ചെയ്തു.(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലുൽ അസ്ഹാബുന്നബിയ്യി(സ), ഹദീഥ് 3661)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇതേ കുറിച്ച് പറയുന്നു: ഹദ്റത്ത് അബൂബക്ർ(റ)നെ കുറിച്ച് മാത്രമാണ് നബി(സ)തിരുമേനി, നിങ്ങളെല്ലാവരും എന്നെ നിഷേധിച്ചപ്പോൾ ഹദ്റത്ത് അബൂബക്റിൽ ഞാൻ ഒരു തരത്തിലുള്ള വക്രതയും കണ്ടില്ല എന്ന് പറഞ്ഞത്.' (ഖുത്ബാത്തെ മഹ്മൂദ്, വാള്യം 26, പേജ് 277-278)

ഹുദയ്ബിയ സന്ധിയുടെ അവസരത്തിൽ നബി(സ)തിരുമേനിയും ഖുറയ്ശികളും തമ്മിൽ സന്ധി നിർദേശങ്ങൾ നടക്കുകയായിരുന്നു. അബൂജൻദലിനെ നബി(സ)തിരുമേനി നിബന്ധനകൾക്ക് വിധേയമായി തിരിച്ചയച്ചപ്പോൾ സ്വഹാബാക്കൾ വളരെ ആവേശത്തിലായിരുന്ന ഘട്ടമായിരുന്നു. ഇതിനെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: 'മുസ്ലിമീങ്ങൾ ആ കാഴ്ച കണ്ടുകൊണ്ടിരിക്കുകയാണ്. മതപരമായ അഭിമാന ബോധം നിമിത്തം അവരുടെ കണ്ണുകളിൽ രക്തം നിറയുന്നുണ്ടായിരുന്നു. പക്ഷേ,

അവർ നബി(സ)തിരുമേനിയുടെ മുന്നിൽ എല്ലാം സഹിച്ച് നിശബ്ദരായി. ഒടുവിൽ ഉമറിന് ഒതുക്കാൻ കഴിഞ്ഞില്ല. അദ്ദേഹം നബി(സ) തിരുമേനിയുടെ സമീപമെത്തി വിറയാർന്ന ശബ്ദത്തിൽ ചോദിച്ചു: 'അങ്ങ് അല്ലാഹുവിന്റെ സത്യവാനായ പ്രവാചകനല്ലേ?' നബി(സ)തിരുമേനി പറഞ്ഞു: 'അതെ! തീർച്ചയായും! അങ്ങനെത്തന്നെ.' ഹദ്റത്ത് ഉമർ ചോദിച്ചു: 'നമ്മൾ സത്യത്തിലും നമ്മുടെ ശത്രുക്കൾ അസത്യത്തിലുമല്ലേ?' നബി(സ)തിരുമേനി പറഞ്ഞു: 'തീർച്ചയായും. അങ്ങനെ തന്നെയാണ്.' പിന്നെ ഉമർ ചോദിച്ചു: 'അങ്ങനെയാണെങ്കിൽ നമ്മൾ സത്യദീനിന്റെ കാര്യത്തിൽ എന്തിനാണ് ഈ നിന്ദ്യത സഹിക്കുന്നത്?' നബി(സ) തിരുമേനി ഹദ്റത്ത് ഉമറിന്റെ അവസ്ഥ കണ്ടപ്പോൾ ചുരുങ്ങിയ വാക്കുകളിൽ ഇങ്ങനെ പറഞ്ഞു: 'നോക്കൂ! ഉമർ, ഞാൻ അല്ലാഹുവിന്റെ റസൂലാകുന്നു. എനിക്ക് അല്ലാഹുവിന്റെ ഉദ്ദേശ്യമെന്തെന്ന് അറിയാം. അതിന്നെതിരിൽ നീങ്ങാൻ എനിക്ക് സാധ്യമല്ല. അവൻ തന്നെയാണ് എന്റെ സഹായിയും.' പക്ഷേ, ഹദ്റത്ത് ഉമറിന്റെ അസ്വസ്ഥഭരിതമായ അവസ്ഥ ഓരോ നിമിഷവും വർധിക്കുകയായിരുന്നു. അദ്ദേഹം ചോദിച്ചു: 'നമ്മൾ ബയ്ത്തുല്ലാഹ് ത്വവാഫ് ചെയ്യുമെന്ന് അങ്ങ് ഞങ്ങളോട് പറഞ്ഞതല്ലേ?' നബി(സ)തിരുമേനി തിരിച്ച് ചോദിച്ചു. 'ഞാൻ തീർച്ചയായും അങ്ങനെ പറഞ്ഞിരുന്നു. പക്ഷേ, ഈ ത്വവാഫ് ഈ വർഷംതന്നെ ചെയ്യുമെന്ന് ഞാൻ പറഞ്ഞിരുന്നുവോ?' ഹദ്റത്ത് ഉമർ പറഞ്ഞു: 'ഇല്ല അങ്ങനെയൊന്നുമില്ല.' നബി(സ)തിരുമേനി പറഞ്ഞു: 'എങ്കിൽപ്പിന്നെ കാത്തിരിക്കുക. നിങ്ങൾ ഇൻശാ അല്ലാഹ് തീർച്ചയായും മക്കയിൽ പ്രവേശിക്കുകയും കഅ്ബയെ ത്വവാഫ് ചെയ്യുന്നതുമാണ്.' പക്ഷേ, ആവേശഭരിതമായ ആ അവസ്ഥയിൽ ഹദ്റത്ത് ഉമറിന് തൃപ്തിയായില്ല. നബി(സ)തിരുമേനിയുടേത് ഒരു പ്രത്യേക ഗാംഭീര്യവും പ്രഭാവവുമായിരുന്നു. അതുകൊണ്ട് ഹദ്റത്ത് ഉമർ അവിടെ നിന്നു മാറി ഹദ്റത്ത് അബൂബക്റിന്റെ അടുക്കലെത്തി. അദ്ദേഹത്തോടും ഇതേ തരത്തിൽ ആവേശത്തോടുകൂടി സംസാരിച്ചു. ഹദ്റത്ത് അബൂബക്ർ(റ), നബി(സ)തിരുമേനി നൽകിയതുപോലുള്ള മറുപടികൾ തന്നെയാണ് നൽകിയത്. അതോടൊപ്പം ഹദ്റത്ത് അബൂബക്ർ(റ) ഉപദേശ രൂപേണ പറഞ്ഞു: 'നോക്കൂ ഉമർ! അവധാനപൂർവം കഴിച്ചുകൂട്ടുക. അല്ലാഹുവിന്റെ റസൂലിന്റെ കടിഞ്ഞാണിലുള്ള പിടിത്തം അയഞ്ഞു പോകാതിരിക്കാൻ ശ്രമിക്കുക. കാരണം അല്ലാഹുവാണ! നമ്മൾ ആർക്കാണോ കൈ കൊടുത്തിട്ടുള്ളത് അദ്ദേഹം തീർച്ചയായും സത്യവാനാകുന്നു.'

ഹദ്റത്ത് ഉമർ(റ) പറയുന്നു: 'ആ സമയത്ത് ഞാനെന്റെ ആവേശത്തിൽ ഞാനെന്റെ എല്ലാ കാര്യങ്ങളും പറഞ്ഞുപോയി. പക്ഷേ, പിന്നീടെനിക്ക് വലിയ ലജ്ജ തോന്നി. പശ്ചാത്താപം എന്ന നിലയ്ക്ക്, ഈ ദൗർബല്യത്തിന്റെ കറ ഇല്ലാതായിത്തീരാൻ നഫ്‌ലായ അതായത് ഒരുപാട് ഐച്ഛിക കർമങ്ങൾ ചെയ്തു. സ്വദഖ കൊടുക്കുകയും നോമ്പെടുക്കുകയും നഫ്ൽ നമസ്കാരങ്ങൾ അനുഷ്ഠിക്കുകയും അടിമകളെ മോചിപ്പിക്കുകയും ചെയ്തു."*(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 767–768)*

ഈ സംഭവത്തെ അനുസ്മരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'ഒരിക്കൽ നബി(സ)തിരുമേനി സ്വഹാബാക്കളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ഞാൻ നിങ്ങൾക്ക് ഒരുപാട് കൽപനകൾ നൽകി. പക്ഷേ, നിങ്ങളിലേറ്റവും ആത്മാർഥത ഉള്ളവരുടെ ഉള്ളിൽപോലും ചില സമയത്ത് ഞാൻ പ്രതിഷേധത്തിന്റെ ആത്മാവ് കാണുകയുണ്ടായി. പക്ഷേ, അബൂബക്റിൽ ഞാൻ ഈ ഒരവസ്ഥ കണ്ടിട്ടില്ല.

ഹുദയ്ബിയ സന്ധിയുടെ അവസരത്തിൽ ഹദ്റത്ത് ഉമർ(റ)വിനെ പോലെയുള്ള ആളുകൾ പോലും പരിഭ്രമിക്കുകയുണ്ടായി. അദ്ദേഹം ഈ പരിഭ്രമാവസ്ഥയിൽ ഹദ്റത്ത് അബൂബക്ർ(റ)ന്റെ അടുക്കലെത്തി പറഞ്ഞു: 'നമ്മൾ ഉംറ ചെയ്യുമെന്ന് അല്ലാഹുവിന്റെ വാഗ്ദാനമുള്ളതല്ലേ?' അദ്ദേഹം പറഞ്ഞു: 'അതെ! അല്ലാഹുവിന്റെ വാഗ്ദാനമുണ്ടായിരുന്നു.' ഹദ്റത്ത് ഉമർ ചോദിച്ചു: 'അല്ലാഹു നമ്മെ സഹായിക്കുകയും പിന്തുണക്കുകയും ചെയ്യുമെന്ന് വാഗ്ദാനം ചെയ്തിട്ടില്ലേ?' ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'അതെ.' ഉമർ ചോദിച്ചു: 'എന്നിട്ട് നമ്മൾ ഉംറ ചെയ്തോ?'

ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'ഉമറേ, അല്ലാഹു നമ്മൾ ഈ വർഷം ഉംറ ചെയ്യുമെന്ന് പറഞ്ഞിട്ടില്ലല്ലോ?' അപ്പോൾ അദ്ദേഹം ചോദിച്ചു: 'നമ്മൾക്കെന്തെങ്കിലും വിജയവും പിന്തുണയും കിട്ടിയിട്ടുണ്ടോ?' ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'വിജയത്തിന്റേയും പിന്തുണയുടേയും അർഥം അല്ലാഹുവിനും അവന്റെ റസൂലിനും നമ്മളെക്കാൾ നന്നായി അറിയാം.' പക്ഷേ, ഹദ്റത്ത് ഉമറിന് ഈ മറുപടികൊണ്ട് തൃപ്തി വന്നില്ല. അദ്ദേഹം അതെ പരിഭ്രമാവസ്ഥയിൽ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. എന്നിട്ട് ചോദിച്ചു: 'യാ റസൂലല്ലാഹ്! നമ്മൾ ത്വവാഫ് ചെയ്തുകൊണ്ട് മക്കയിൽ പ്രവേശിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തതല്ലേ?' നബി(സ) തിരുമേനി പറഞ്ഞു: 'അതെ.' അദ്ദേഹം ചോദിച്ചു: 'നമ്മൾ അല്ലാഹുവിന്റെ സംഘമല്ലേ? അല്ലാഹുവിന്റെ വിജയത്തിന്റേയും സഹായത്തിന്റേയും വാഗ്ദാനം നമുക്കുള്ളതല്ലേ?' നബി(സ)തിരുമേനി പറഞ്ഞു: 'അതെ.' ഉമർ ചോദിച്ചു: 'യാ റസൂലല്ലാഹ്! നമുക്ക് ഉംറ ചെയ്യാൻ കഴിഞ്ഞോ?' നബി(സ)തിരുമേനി പറഞ്ഞു: 'നമ്മൾ ഈ വർഷംതന്നെ ഉംറ ചെയ്യുമെന്ന് അല്ലാഹു എപ്പോഴാണ് പറഞ്ഞത്? ഈ വർഷംതന്നെ ഉംറ ഉണ്ടാകുമെന്നത് എന്റെ ധാരണയായിരുന്നു. അല്ലാഹു സമയം നിജപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല.' അദ്ദേഹം ചോദിച്ചു: 'വിജയത്തിന്റേയും പിന്തുണയുടേയും വാഗ്ദാനംകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?' നബി(സ)തിരുമേനി പറഞ്ഞു: 'ദൈവിക സഹായം തീർച്ചയായും വരുന്നതാണ്. അവന്റെ വാഗ്ദാനം തീർച്ചയായും പുലരുകയും ചെയ്യും.' അതായത് ഹദ്റത്ത് അബൂബക്ർ(റ) നൽകിയ അതേ മറുപടി തന്നെയാണ് നബി(സ)തിരുമേനിയും നൽകിയത്. *(ഖുത്ബാത്തെ മഹ്മൂദ് വാള്യം 20, പേജ് 382)*

ഈ രണ്ടു നിവേദനങ്ങളും തമ്മിലുള്ള വ്യത്യാസമെന്തെന്നാൽ, ആദ്യ നിവേദനത്തിൽ ആദ്യം നബി(സ)തിരുമേനിയുടെ അടുക്കലാണ് ഹദ്റത്ത് ഉമർ പോയത്. പിന്നെയാണ് ഹദ്റത്ത് അബൂബക്റിന്റെ അടുക്കൽ പോകുന്നത്. ഹദ്റത്ത് മുസ് ലിഹ് മൗഊദിന്റെ വിവരണത്തിൽ കാര്യങ്ങളെല്ലാം ഒന്ന് തന്നെയാണെങ്കിലും ആദ്യം ഹദ്റത്ത് അബൂബക്റിന്റെ അടുത്തുപോയെന്നും പിന്നീട് നബി(സ)തിരുമേനിയുടെ സവിധത്തിലെത്തിയെന്നും പറയുന്നു.

ഹദ്റത്ത് അബൂഹുറയ്‌യുടെ നിവേദനം. രണ്ടു വ്യക്തികൾ പരസ്പരം തർക്കിക്കുകയായിരുന്നു. അതിലൊരാൾ മുസ്‌ലിമും അപരൻ യഹൂദിയുമായിരുന്നു. മുസ്‌ലിം പറഞ്ഞു: 'മുഹമ്മദ്(സ)ന് ലോകത്ത് മുഴുവനും ശ്രേഷ്ഠത നൽകിയവനാണ!' അപ്പോൾ യഹൂദി പറഞ്ഞു: 'മൂസായ്ക്ക് എല്ലാവരേക്കാളും ശ്രേഷ്ഠത നല്കിയവനെക്കൊണ്ട് സത്യം!' അപ്പോൾ മുസ്‌ലിം കൈ ഉയർത്തുകയും യഹൂദിയുടെ കരണത്ത് അടിക്കുകയും ചെയ്തു.' ആ യഹൂദി നബി(സ)തിരുമേനിയുടെ അടുക്കലെത്തി. അയാൾ തനിക്കും മുസ്‌ലിമിനും ഇടയിലുണ്ടായ കാര്യങ്ങളെ കുറിച്ച് പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി ആ മുസ്‌ലിമിനെ വിളിക്കുകയും അദ്ദേഹത്തോട് കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തതിനു ശേഷം പറഞ്ഞു: 'മൂസായ്ക്കു മേൽ എനിക്ക് ശ്രേഷ്ഠത കൽപിക്കരുത്.'*(സ്വഹീഹുൽബുഖാരി, കിതാബുൽ ഖുസ്വൂമാത്ത്, ബാബു മാ യദ്കുറു ഫിൽഅശ്ഖാസി വൽഖുസ്വൂമത്തു ബയ്നൽമുസ്‌ലിമി വൽയഹൂദ് ഹദീഥ് നമ്പർ 2411)* ഈ ഹദീഥിന്റെ വിശദീകരണത്തിൽ യഹൂദിയുടെ കരണത്തടിച്ച ആ മുസ്‌ലിം ഹദ്റത്ത് അബൂബക്റാണെന്ന് എഴുതിയിട്ടുണ്ട്. *(ഉംദത്തുൽഖാരി, ഭാഗം 12, പേജ് 351, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)* ഇത് ബുഖാരിയിലുള്ള നിവേദനമാകുന്നു.

ഈ സംഭവത്തെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'നബി(സ)തിരുമേനി അന്യമതസ്ഥരുടെ വികാരങ്ങളെയും വളരെയേറെ ശ്രദ്ധിച്ചിട്ടുണ്ടായിരുന്നു. ഒരിക്കൽ ഹദ്റത്ത് അബൂബക്റിന്റെ മുന്നിൽ ഏതോ യഹൂദി ഇങ്ങനെ പറഞ്ഞു: 'ഞാൻ മൂസായെ സത്യം ചെയ്തുകൊണ്ട് പറയുന്നു. അദ്ദേഹത്തെ അല്ലാഹു എല്ലാ നബിമാർക്കു മേലും ശ്രേഷ്ഠനാക്കിയിരിക്കുന്നു.' അപ്പോൾ ഹദ്റത്ത് അബൂബക്ർ അയാളെ അടിക്കുകയുണ്ടായി. ഈ സംഭവത്തെ കുറിച്ച് നബി(സ) തിരുമേനി അറിഞ്ഞപ്പോൾ അവിടന്ന് ഹദ്റത്ത് അബൂബക്റിനെ പോലെയുള്ള ആളെയും ശകാരിക്കുകയുണ്ടായി. വഴക്കു പറഞ്ഞു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ചിന്തിക്കുക, അവിടെ മുസ്‌ലിമീങ്ങളുടെ ഭരണമായിരുന്നു. ഒരു യഹൂദി ഹദ്റത്ത് മൂസായ്ക്ക് നബി(സ)തിരുമേനിയെക്കാൾ ശ്രേഷ്ഠത നൽകുന്നു. അയാളുടെ സംസാരശേഷി ഹദ്റത്ത് അബൂബക്റിനെപോലെ ലോലഹൃദയനായ ആളെപോലും കോപാകുലനാക്കുകയും അദ്ദേഹം അയാളെ അടിക്കുകയും ചെയ്യുന്നു. പക്ഷേ, നബി(സ)തിരുമേനി അദ്ദേഹത്തെ ശകാരിച്ചുകൊണ്ട് ചോദിക്കുന്നു: 'നിങ്ങൾ എന്തിനാണ് അങ്ങനെ ചെയ്തത്. അയാൾക്ക് അയാളുടെ വിശ്വാസത്തിൽ നിൽക്കാനും അതനുസരിച്ച് പറയാനും അവകാശമുണ്ട്.' *(തഫ്സീറെ കബീർ വാള്യം6, പേജ് 531)* ഇത് അയളുടെ വിശ്വാസമാണെങ്കിൽ അയാൾക്ക് അതു പറയാവുന്നതാണ്.

നബി(സ)തിരുമേനിയോടുള്ള ഹദ്റത്ത് അബൂ

ബക്റിന്റെ അനുരക്തിയെ പരാമർശിച്ചു കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'ഹദ്റത്ത് അബൂബക്റിന്റേത് നബി(സ)തിരുമേനിയോട് അനുരാഗപൂർണമായ സ്നേഹമായിരുന്നു. നബി(സ)തിരുമേനി മദീനയിലേക്ക് പോകാൻ മക്കയിൽനിന്ന് പുറപ്പെട്ടപ്പോഴും അദ്ദേഹത്തിന്റെ ബന്ധം അനുരാഗപൂർണമായിരുന്നു. നബി(സ)തിരുമേനിയുടെ വഫാത്തിന്റെ വേളയിലും ഈ അനുരക്തിയാണ് ഉണ്ടായിരുന്നത്. നബി(സ)തിരുമേനിയുടെമേൽ **ഇദാ ജാഅ നസ്‌റുല്ലാഹി വൽഫത്ഹു വറഅയ്ത്തന്നാസ യദ്ഖുലൂന ഫീ ദീനില്ലാഹ് അഫ്‌വാജൻ. ഫസബ്ബിഹ് ബിഹംദിറബ്ബിക്ക വസ്തഗ്ഫിർഹു ഇന്നഹൂ കാന തവ്വാബൻ** എന്ന് വഹി ഇറങ്ങിയപ്പോൾ അതിൽ നബി(സ)തിരുമേനിയുടെ വഫാത്തിനെ കുറിച്ചുള്ള വാർത്തയും ഗുപ്തമായിരുന്നു. നബി(സ)തിരുമേനി ആ സന്ദർഭത്തിൽ ഒരു പ്രഭാഷണം നടത്തി. അതിൽ ഈ സൂറത്തിന്റെ അവതരണത്തെ കുറിച്ച് പറഞ്ഞു. തുടർന്ന് പറഞ്ഞു: അല്ലാഹു തന്റെ ദാസന് തന്നോടുള്ള സ്നേഹമോ ഭൗതിക പുരോഗതിയോ ഏതെങ്കിലുമൊന്ന് തിരഞ്ഞെടുക്കാനുള്ള അനുമതി നൽകി. ഞാൻ അല്ലാഹുവിനോടുള്ള സ്നേഹത്തെയാണ് മുന്തിച്ചത്. ഈ സൂറത്ത് കേട്ടപ്പോൾ എല്ലാ സ്വഹാബാക്കളുടെയും മുഖം സന്തോഷഭരിതമായി. എല്ലാവരും അല്ലാഹുവിനെ വാഴ്ത്താനും സ്തുതിക്കാനും തുടങ്ങി. എന്നിട്ട് പറഞ്ഞു: 'ഇനി ആ കാലം വരുന്നു.' പക്ഷേ, എല്ലാവരും സന്തോഷിക്കുകയായിരുന്നപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പൊട്ടിക്കരയുകയായിരുന്നു. അദ്ദേഹം അനിയന്ത്രിതമായി കരയുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞങ്ങളുടെ മാതാപിതാക്കളും ഭാര്യാമക്കളുമെല്ലാം അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ. അങ്ങയ്ക്കുവേണ്ടി എല്ലാം ത്യജിക്കാൻ ഞങ്ങൾ തയ്യാറാണ്.'

അതായത് ഏതെങ്കിലും അടുത്ത ബന്ധു രോഗാതുരനാകുമ്പോൾ ആടിനെ ബലിയറുക്കുന്നതുപോലെ ഹദ്റത്ത് അബൂബക്ർ തന്നെയും തന്റെ അടുത്ത ബന്ധുമിത്രാദികളെയും നബി(സ)തിരുമേനിക്കുവേണ്ടി ത്യജിക്കാൻ തയ്യാറായി.

അദ്ദേഹത്തിന്റെ കരച്ചിൽ കാണുകയും ഈ വർത്തമാനങ്ങളെല്ലാം കേൾക്കുകയും ചെയ്തപ്പോൾ ചില സ്വഹാബാക്കൾ പറഞ്ഞു: ഈ കിഴവന് ഇതെന്ത് പറ്റി? അല്ലാഹു തന്റെ ദാസനോട് തന്റെ സൗഹൃദമോ ഭൗതിക പുരോഗതിയോ ഏതെങ്കിലുമൊന്ന് തിരഞ്ഞെടുക്കാൻ അധികാരം നൽകിയപ്പോൾ അദ്ദേഹം ദൈവസാമീപ്യത്തെ ഇഷ്ടപ്പെട്ടു. പക്ഷേ, ഇയാളെന്തിനാണ് കരയുന്നത്? ഇവിടെ ഇസ്‌ലാമിന്റെ വിജയങ്ങളെ കുറിച്ചുള്ള വാഗ്ദാനമാണ് നൽകപ്പെടുന്നത്. എത്രത്തോളമെന്നാൽ, ഹദ്റത്ത് ഉമറിനെ പോലെയുള്ള ഉന്നത സ്വഹാബിപോലും ഈ അവസ്ഥ കണ്ടപ്പോൾ അത്ഭുതപെട്ടുപോയി. നബി(സ)തിരുമേനി ജനങ്ങളുടെ അവസ്ഥ മനസ്സിലാക്കി. ഹദ്റത്ത് അബൂബക്റിന്റെ അസ്വസ്ഥതയും കാണുകയുണ്ടായി. അദ്ദേഹത്തെ സാന്ത്വനപ്പെടുത്തിക്കൊണ്ട് പറഞ്ഞു: 'അബൂബക്ർ എനിക്ക് എത്രത്തോളം പ്രിയപ്പെട്ടവനാണെന്നാൽ അല്ലാഹുവിന് പുറമെ മറ്റാരെയെങ്കിലും സുഹൃത്താക്കാൻ പറ്റുമായിരുന്നു വെങ്കിൽ ഞാൻ അദ്ദേഹത്തെ സുഹൃത്താക്കുമായിരുന്നു.' എന്നിട്ട് പറഞ്ഞു: അദ്ദേഹം എന്റെ സുഹൃത്തും സ്വഹാബിയുമാകുന്നു. തുടർന്ന് പറഞ്ഞു: 'മസ്ജിദിലേക്ക് തുറന്ന് വെച്ചിട്ടുള്ള വീടുകളുടെ ജനാലകളിൽ അബൂബക്റിന്റേതൊഴികെ മറ്റെല്ലാ ജനാലകളും അടക്കണമെന്ന് ഞാൻ കൽപിക്കുന്നു.' അങ്ങനെ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ സ്നേഹത്തെ ശ്ലാഘിക്കുകയുണ്ടായി. കാരണം അത് സമ്പൂർണമായ അനുരക്തിയായിരുന്നു. അതാണ് വിജയ സുവർത്തകൾക്ക് പിന്നിൽ നബി(സ)തിരുമേനിയുടെ മരണത്തെ കുറിച്ച് അറിയിപ്പുണ്ടെന്ന് ഹദ്റത്ത് അബൂബക്റിന് മനസ്സിലാക്കിക്കൊടുത്തത്. അദ്ദേഹം തന്റേയും തന്റെ ബന്ധുക്കളുടെയും ജീവൻ തെണ്ടമായി സമർപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഞങ്ങൾ മരിക്കാം. പക്ഷേ, അങ്ങ് ജീവിച്ചിരിക്കണം.' നബി(സ)തിരുമേനിയുടെ വഫാത്ത് വേളയിൽ ഹദ്റത്ത് അബൂബക്ർ ഉന്നതമായ സ്നേഹത്തിന്റെ മാതൃകയാണ് കാണിച്ചത്. ഥൗർ ഗുഹയിൽ ഹദ്റത്ത് അബൂബക്ർ തന്റെ ജീവനെ കുറിച്ചല്ല വേവലാതിപ്പെട്ടത്. പ്രത്യുത നബി(സ)തിരുമേനിയെ കുറിച്ചായിരുന്നു അസ്വസ്ഥനായത്. അതുകൊണ്ട് അല്ലാഹു പ്രത്യേകമായ രീതിയിൽ അദ്ദേഹത്തെ സമാശ്വസിപ്പിക്കുകയുണ്ടായി.*(ഖുത്ബാത്തെ മഹ്മൂദ് വാള്യം 16 പേജ് 814-815, ഖുത്ബ ജുമുഅ 18-10 1935)* അദ്ദേഹം പ്രകടിപ്പിച്ച അസ്വസ്ഥതകളെല്ലാം നബി*(സ)* തിരുമേനിയോടുള്ള അനുരക്തി ഒന്നുകൊണ്ട് മാത്രമായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു: ഹദീഥുകളിൽ പറയുന്നു, ഒരിക്കൽ ഹദ്റത്ത് ഉമറും ഹദ്റത്ത് അബൂബക്റും തമ്മിൽ ഏതോ കാര്യത്തിൽ തർക്കമുണ്ടായി. തർക്കം മൂർച്ഛിച്ചു. ഹദ്റത്ത് ഉമറിന്റെ സ്വഭാവം പരുഷമായിരുന്നു. അതുകൊണ്ട് ഹദ്റത്ത് അബൂബക്ർ അവിടെനിന്ന് പോകുന്നത് ഉചിതമാണെന്ന് കരുതി. അല്ലെങ്കിൽ തർക്കം അനാവശ്യമായി വലുതായി പോകുന്നതാണ്. ഹദ്റത്ത് അബൂബക്ർ പോകാനൊരുങ്ങിയപ്പോൾ ഹദ്റത്ത് ഉമർ മുന്നിൽവന്നു ഹദ്റത്ത് അബൂബക്റിന്റെ കുപ്പായം പിടിച്ചിട്ട് പറഞ്ഞു: 'എന്റെ കാര്യത്തിന് മറുപടി തന്നിട്ട് പോയാൽമതി.' ഹദ്റത്ത് അബൂബക്ർ അദ്ദേഹത്തിൽ നിന്ന് കുതറിമാറി പോകാൻ ഒരുങ്ങിയപ്പോൾ അദ്ദേഹത്തിന്റെ കുപ്പായം കീറിപ്പോയി. അദ്ദേഹം തന്റെ വീട്ടിൽ വന്നു. പക്ഷേ, ഹദ്റത്ത് അബൂബക്ർ നബി(സ)തിരുമേനിയോടു തന്നെകുറിച്ച് പരാതി പറയാൻ പോയതാണെന്ന് ഹദ്റത്ത് ഉമർ സംശയിച്ചു. അദ്ദേഹം പിന്നാലെ നബി(സ)തിരുമേനിയുടെ സവിധത്തിൽ തന്റെ ഒഴികഴിവ് സമർപ്പിക്കാൻ വേണ്ടി പുറപ്പെട്ടു. പക്ഷേ, വഴിയിൽ ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ഉമറിന്റെ ദൃഷ്ടിയിൽ നിന്നു അപ്രത്യക്ഷനായിരുന്നു. ഹദ്റത്ത് ഉമർ(റ) നബി(സ)തിരുമേനിയുടെ സവിധത്തിൽ പരാതി പറയാൻ പോയതാണെന്ന് അദ്ദേഹവും മനസ്സിലാക്കി. അദ്ദേഹവും നേരെ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. അവിടെ പക്ഷേ, ഹദ്റത്ത് അബൂബക്റിനെ കണ്ടില്ല. അദ്ദേഹത്തിന്റെ ഹൃദയം അപ്പോഴേക്കും ലജ്ജിതമായിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഇങ്ങനെ പറഞ്ഞു: 'യാ റസൂലല്ലാഹ്! എനിക്കാണ് തെറ്റുപറ്റിയത്. ഞാൻ അബൂബക്റിനോട് പരുഷമായി പെരുമാറിയിരിക്കുന്നു. ഹദ്റത്ത് അബൂബക്റിന്റെ ഒരു കുറ്റവുമില്ല. എന്റേതു തന്നെയാണ് കുറ്റം.' ഹദ്റത്ത് ഉമർ(റ), നബി(സ)തിരുമേനിയുടെ സവിധത്തിലെത്തിയപ്പോൾ ആരോ ഹദ്റത്ത് അബൂബക്റിനോട് പോയി പറഞ്ഞു, ഹദ്റത്ത് ഉമർ നബി(സ)തിരുമേനി യുടെ അടുക്കൽ താങ്കളെ കുറിച്ച് പരാതി പറയാൻ പോയിരിക്കുന്നുവെന്ന്. ഹദ്റത്ത് അബൂബക്ർ ചിന്തിച്ചു. തനിക്കും തന്റെ നിരപരാധിത്വം പോയി പറയേണ്ടതാണ്, കാര്യം ഏകപക്ഷീയമാകരുത്. ഞാൻ എന്റെ വീക്ഷണവും സമർപ്പിക്കേണ്ടതാണ്. ഹദ്റത്ത് അബൂബക്ർ(റ) നബി(സ)തിരുമേനിയുടെ സദസ്സിലെത്തിയപ്പോൾ ഹദ്റത്ത് ഉമർ ഇങ്ങനെ പറയുന്നുണ്ടായിരുന്നു: 'യാ റസൂലല്ലാഹ്! എന്നിൽനിന്നാണ് തെറ്റ് സംഭവിച്ചത്. ഞാനാണ് അബൂബക്റിനോട് വഴക്ക് കൂടിയത്. അദ്ദേഹത്തിന്റെ കുപ്പായം ഞാൻ കാരണമാണ് കീറിയത്.' നബി(സ)തിരുമേനി ഈ കാര്യങ്ങൾ കേട്ടപ്പോൾ ആ മഹാത്മാവിന്റെ മുഖത്ത് കോപം വളരെ പ്രകടമായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ജനങ്ങളേ! നിങ്ങൾക്കെന്തുപറ്റി. ലോകം മുഴുവൻ എന്നെ എതിർക്കുകയായിരുന്നപ്പോൾ നിങ്ങളും എന്റെ എതിരാളികളായിരുന്നപ്പോൾ ഹദ്റത്ത് അബൂബക്ർ മാത്രമാണ് എന്നിൽ വിശ്വസിച്ചത്. എല്ലാ നിലയ്ക്കും എന്നെ സഹായിക്കുകയും ചെയ്തു.'

പിന്നെ വളരെ വിഷമത്തോടുകൂടി പറഞ്ഞു: 'ഇനിയും എന്നെയും അബൂബക്റിനെയും വിടുകയില്ലേ.' നബി(സ)തിരുമേനി ഇങ്ങനെ പറയുമ്പോഴായിരുന്നു ഹദ്റത്ത് അബൂബക്ർ അവിടെ കയറി വന്നത്.

ഹദ്റത്ത് അബൂബക്ർ അവിടെ കയറി വരുമ്പോഴുണ്ടായ അവസ്ഥയുടെ പശ്ചാത്തലം വിവരിച്ച് കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഇതാണ് സത്യസന്ധനായ പ്രേമിയുടെ മാതൃക. അതായത് അവിടെ പോയി തന്റെ ഒഴികഴിവ് പറഞ്ഞില്ല. അതായത് യാ റസൂലല്ലാഹ്! തെറ്റ് എന്റേതല്ല, ഉമറിന്റേതായിരുന്നു എന്നല്ല പറഞ്ഞത്. നബി(സ)തിരുമേനിയുടെ ഹൃദയത്തിൽ അസ്വസ്ഥത ഉണ്ടാകുന്നത് കണ്ടപ്പോൾ അദ്ദേഹം സത്യസന്ധനായ പ്രേമിയായതുകൊണ്ട് താൻ കാരണം നബി(സ) തിരുമേനി വേദനിക്കുന്നത് അദ്ദേഹത്തിന് സഹിച്ചില്ല. വന്ന ഉടൻതന്നെ നബി(സ)തിരുമേനിയുടെ മുന്നിൽ മുട്ടുകാലിൽ ഇരുന്നുകൊണ്ട് പറഞ്ഞു. 'യാ റസൂലല്ലാഹ്! കുറ്റം ഉമറിന്റേതല്ല കുറ്റം എന്റേതാകുന്നു.' നോക്കുക! ഹദ്റത്ത് അബൂബക്ർ(റ) എത്രമാത്രം സത്യസന്ധനായ പ്രേമിയായിരുന്നു. അദ്ദേ ഹത്തിന് തന്റെ പ്രേമഭാജനത്തിന്റെ ഹൃദയം വേദനിക്കുന്നത് സഹിച്ചില്ല. നബി(സ)തിരുമേനി ഹദ്റത്ത് ഉമറിനോട് നീരസ ത്തിലാകുന്നുവെന്ന് കണ്ടപ്പോൾ ഹദ്റത്ത് അബൂബക്ർ സന്തോഷിക്കുകയല്ല ചെയ്തത്. സാധാരണ ജനങ്ങളിൽ കാണുന്നത് തന്റെ എതിരാളിക്കുമേൽ ശകാരം ഉണ്ടാകുമ്പോൾ അത് കണ്ട് സന്തോഷിക്കുകയും നല്ലപോലെ ശകാരം കേട്ടല്ലോ എന്ന് കരുതി സന്തോഷിക്കുകയും ചെയ്യുന്നു. എന്തുകാരണം കൊണ്ടാണെങ്കിലും നബി(സ) തിരുമേനിയുടെ

ഹൃദയം വേദനിക്കുന്നത് ഈ സത്യസന്ധനായ പ്രേമി ഇഷ്ടപ്പെട്ടില്ല. അദ്ദേഹം കരുതി ഞാൻ കുറ്റവാളിയാകാം. പക്ഷേ, എന്റെ പ്രേമിയുടെ ഹൃദയം ദുഖിക്കാതിരിക്കട്ടെ. വളരെ ലജ്ജാപൂർവം പറഞ്ഞു: യാ റസൂലല്ലാഹ്! ഉമറിന്റെ ഒരു കുറ്റവുമില്ല. കുറ്റമെല്ലാം എന്റേതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് അബൂബക്ർ നബി(സ)തിരുമേനിയുടെ ഹൃദയത്തിന്റെ അസ്വസ്ഥത അകറ്റുന്നതിനുവേണ്ടി മർദ്ദിതനായിട്ടുപോലും മർദകനാണെന്ന് ഏറ്റു പറയുന്നു. അങ്ങനെയെങ്കിലും നബി(സ)തിരുമേനിയുടെ മനസ്സ് വേദനിക്കാതിരിക്കട്ടെ എന്ന് കരുതുന്നു. ഒരു വിശ്വാസിയായ ദാസൻ അല്ലാഹുവിന്റെ തൃപ്തിയിലേക്ക് അടുപ്പിക്കുന്നത് എങ്ങനെയാണ് ചെയ്യാതിരിക്കുക. *(ഖുത്ബാത്തെ മഹ്മൂദ് വാള്യം 27, പേജ് 313-314)*

സത്യവിശ്വാസിയുടേയും തേജോവിലാസം ഇതുതന്നെയാണ്. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി കർമങ്ങൾ ചെയ്യുക. അല്ലാഹു വെറുക്കുന്ന ഒരു പ്രവർത്തനവും ചെയ്യാതിരിക്കുക. ഇത് സംബന്ധമായി തന്റെ പെരുമാറ്റ മാതൃക നല്കി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു. ഹദ്റത്ത് ഉമർ(റ) ഒരിക്കൽ നബി(സ) തിരുമേനിയുടെ അടുക്കൽ തൗറാത്തിന്റെ ഒരു പ്രതിയുമായി വന്നു പറഞ്ഞു: 'യാ റസൂലല്ലാഹ്! ഇത് തൗറാത്താകുന്നു.' നബി(സ) തിരുമേനി അതുകേട്ട് നിശ്ശബ്ദനായി.' പക്ഷേ, ഹദ്റത്ത് ഉമർ(റ) തൗറാത്ത് തുറന്ന് വായിക്കാൻ തുടങ്ങി. അപ്പോൾ നബി(സ)തിരുമേനിയുടെ മുഖത്ത് നീരസത്തിന്റെ ലക്ഷണങ്ങൾ കാണാനിടയായി. ഹദ്റത്ത് അബൂബക്ർ(റ) അതുകണ്ടപ്പോൾ ഹദ്റത്ത് ഉമറിനോട് നീരസം പ്രകടിപ്പിച്ച് കൊണ്ടുപറഞ്ഞു: 'നബി(സ)തിരുമേനി ഇ ക്കാര്യത്തിൽ നീരസം പ്രകടിപ്പിക്കുന്നത് താങ്കൾ കാണുന്നില്ലേ?' അദ്ദേഹത്തിന്റെ ഈ വർത്തമാനം കേട്ടപ്പോൾ ഹദ്റത്ത് ഉമറും അത് ശ്രദ്ധിക്കുകയും നബി(സ) തിരുമേനി യുടെ മുഖത്ത് നോക്കുകയും ചെയ്തു. നബി(സ)തിരുമേനിയുടെ മുഖത്ത് അനിഷ്ടം പ്രകടമായത് കണ്ടപ്പോൾ അദ്ദേഹം ഖേദം പ്രകടിപ്പിക്കുകയും നബി(സ)തിരുമേനിയോട് മാപ്പ് ചോദിക്കുകയും ചെയ്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവം തഫ്സീർ കബീറിൽ വിവരിച്ചിട്ടുണ്ട്. നബി(സ) തിരുമേനി ഹദ്റത്ത് ഉമർ(റ), തൗറാത്ത് വായിച്ചപ്പോൾ പ്രകടിപ്പിച്ച നീരസത്തിന് കാരണം അത് ഇസ്‌ലാമികാധ്യാപനത്തിന് വിരുദ്ധമായ വചനം വായിച്ചതുകൊണ്ടായിരുന്നു. അല്ലാതെ തൗറാത്ത് വായിച്ചതുകൊണ്ടായിരുന്നില്ല. ആർക്കെങ്കിലും ഇതിന്റെ തഫ്സീർ വായിക്കാൻ താൽപര്യമുണ്ടെങ്കിൽ തഫ്സീർ കബീർ ആറാം വാള്യം സൂറ നൂറിലെ മൂന്നാമത്തെ ആയത്തിന്റെ അനുബന്ധത്തിൽ എഴുതിയ വിശദീകരണം വായിച്ച് നോക്കാവുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'സ്വഹാബാക്കൾ എങ്ങനെയായിരുന്നു നബി(സ) തിരുമേനിയെ പിൻപറ്റിയിരുന്നത് എന്നതിന് ഹദ്റത്ത് അബൂബക്റിന്റെ ഒരു സംഭവം കാണാൻ കഴിയുന്നുണ്ട്. നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ചില അറേബ്യൻ ഗോത്രങ്ങൾ സക്കാത്ത് കൊടുക്കുന്നതല്ലന്ന് പ്രഖ്യാപിച്ചു. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) അവർക്കെതിരിൽ യുദ്ധം ചെയ്യാൻ തയ്യാറായി. ആ അവസ്ഥ എത്രമാത്രം സങ്കീർണമായിരുന്നുവെന്നാൽ ഹദ്റത്ത് ഉമറിനെ പോലെയുള്ള ആളുകൾ അവരോട് അനുഭാവപൂർവം പെരുമാറണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. പക്ഷേ, ഹദ്റത്ത് അബൂബക്ർ(റ) ഇങ്ങനെ മറുപടി പറഞ്ഞു:

'നബി(സ)തിരുമേനി നൽകിയ ഒരു കൽപന ദുർബലപ്പെടുത്താൻ അബൂഖുഹാഫയുടെ മകന് എന്ത് ശക്തിയാണുള്ളത്. അല്ലാഹുവാണ! ഇവർ നബി(സ)തിരുമേനിയുടെ കാലത്ത് ഒട്ടകത്തെ കെട്ടുന്ന ഒരു കയറിന് സക്കാത്ത് കൊടുത്തിരുന്നുവെങ്കിൽ ഞാൻ തീർച്ചയായും അവരിൽനിന്ന് ആ കയറും വാങ്ങുന്നതാണ്. അവർ സക്കാത്ത് കൊടുക്കുന്നതുവരെ ഞാൻ വിശ്രമിക്കുന്നതല്ല.'

ഇത് ബുഖാരിയിലുള്ള നിവേദനമാകുന്നു. ഹദ്റത്ത് അബൂബക്ർ പറഞ്ഞു:'താങ്കൾ ഈ കാര്യത്തിൽ എന്നോടൊപ്പം നിൽക്കുന്നില്ലെങ്കിൽ വേണ്ട ഞാനൊറ്റക്ക് തന്നെ പൊരുതുന്നതാണ്.' ഇത് എത്രമാത്രം നബി(സ) തിരുമേനിയെ പിൻപറ്റുന്ന അവസ്ഥയാണെന്ന് നോക്കുക. വളരെ ഭയാനകമായ സാഹചര്യമായിരുന്നിട്ടുകൂടി, ഉന്നതരായ സ്വഹാബാക്കൾ യുദ്ധം ചെയ്യുന്നതിനെതിരെ അഭിപ്രായം നൽകുമ്പോഴും നബി(സ)തിരുമേനി യുടെ കൽപന പൂർത്തിയാക്കുന്നതിനുവേണ്ടി അദ്ദേഹം എല്ലാതരം അപകടങ്ങളെയും സഹിക്കാൻ തയാറാകുന്നു. അതുപോലെതന്നെ ഉസാമയുടെ സൈന്യത്തെ തടയുന്നത് സംബന്ധിച്ച് സ്വഹാബാക്കൾ ഒരുപാട് സമ്മർദ്ദം ചെലുത്തിയെങ്കിലും ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'ശത്രുക്കൾ വളരെ ശക്തരാകുകയും അവർ മദീനയെ കീഴടക്കുകയും മുസ്‌ലിം സ്ത്രീകളുടെ മൃതശരീരങ്ങൾ നായ്ക്കൾ വലിച്ചിഴക്കുന്ന അവസ്ഥ ഉണ്ടാകുകയുമാണെങ്കിൽപോലും നബി(സ)തിരുമേനി അയക്കാൻ തീരുമാനിച്ച സൈന്യത്തെ എനിക്കൊരിക്കലുംതന്നെ തടഞ്ഞുവെക്കാൻ സാധ്യമല്ല.' *(തഫ്സീറെ കബീർ വാള്യം8, പേജ് 108 -109)*

ഹദ്റത്ത് ജാബിർ(റ) പറയുന്നു: ബഹ്റയ്നിൽ നിന്നുള്ള നികുതിപ്പണം എത്തിയാൽ ഞാൻ നിനക്കിത്രയിത്ര തരുമെന്ന് നബി(സ) തിരുമേനി എന്നോടു പറഞ്ഞു. നബി(സ)തിരുമേനി മരിക്കുന്നതു വരേക്കും ബഹ്റയ് നിൽനിന്നുള്ള നികുതിപ്പണം എത്തിയില്ല. പിന്നീട് അതെത്തിയപ്പോൾ അബൂബക്ർ(റ) ഇപ്രകാരം വിളംബരം ചെയ്യിച്ചു: 'നബി(സ)തിരുമേനി ആർക്കെങ്കിലും വല്ല വാഗ്ദാനമോ കടമോ വീട്ടാൻ ബാക്കിയുണ്ടെങ്കിൽ അബൂബക്റിനെ സമീപിക്കുക.' അപ്പോൾ ഞാൻ പറഞ്ഞു: 'നിശ്ചയം നബി(സ)തിരുമേനി എന്നോട് ഇപ്രകാരം പറയുകയുണ്ടായി.' ഉടനെ അബീബക്ർ തന്റെ കൈകൊണ്ട് എനിക്ക് മൂന്നുപിടി വാരിത്തന്നു. ഞാനത് എണ്ണിനോക്കി, അപ്പോൾ അത് 500 ദിർഹമുണ്ടായിരുന്നു. അലി ബിൻ മദീനി പറയുന്നു: സുഫിയാൻ രണ്ടു കൈയും കൂട്ടിച്ചേർത്ത് അത് നിറയെ വാരി മൂന്ന് തവണയാണ് തന്നിരുന്നത്.*(സ്വഹീഹുൽ ബുഖാരി കിതാബു ഫർളുൽഖംസ് ഹദീഥ് നമ്പർ 3137 മുത്തർറജിം ഉർദു, നബ്ബാറത്ത് ഇശാഅത്ത് റബ് വ, വാള്യം 5, പേജ് 485-486)*

ഹദ്റത്ത് അബൂ സയീദ് ഖുദ്‌രി(റ) പറയുന്നു: ബഹ്റയ്നിലെ സമ്പത്ത് വന്നപ്പോൾ ഞാൻ ഹദ്റത്ത് അബൂബക്റിന്റെ വിളിയാൾ ഇങ്ങനെ വിളംബരപെടുത്തുന്നത് കേട്ടു. നബി(സ)തിരുമേനി ആരോടെങ്കിലും എന്തെങ്കിലും വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് വരാവുന്നതാണ്. ജനങ്ങൾ ഹദ്റത്ത് അബൂബക്റിന്റെ അടുത്തു വരുമ്പോൾ അദ്ദേഹം അവർക്ക് കൊടുത്തു കൊണ്ടിരുന്നു. പിന്നെ ഹദ്റത്ത് അബൂബശീർ മാസനി(റ)വന്നു. അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനി ഇങ്ങനെ പറയുകയുണ്ടായി: 'അബൂബശീറേ!നമ്മുടെ അടുക്കൽ എന്തെങ്കിലും വന്നാൽ താങ്കൾ വരേണ്ടതാണ്.' അങ്ങനെ ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തിന് രണ്ടോ മൂന്നോ കൈനിറയെ വാരിക്കൊടുക്കുകയുണ്ടായി. അത് അദ്ദേഹം ആയിരത്തി നാന്നൂറ് ദിർഹമുള്ളതായി കണ്ടു. *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 2, പേജ് 243, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1990)* ഇവിടെ 'ലപ്' എന്ന പദമാണ് വന്നിട്ടുള്ളത്. അതിന്റെ ഉദ്ദേശ്യം രണ്ടു കൈ നിറയെ വാരി നല്കുക എന്നാണ്.

ഹദ്റത്ത് അബൂബക്ർ(റ) സ്വഹാബാക്കളോട് സംസാരത്തിൽ മുഴുകി ഇരിക്കുകയായിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ അദ്ദേഹം തന്റെ ഭൃത്യനോട് പറഞ്ഞു: 'വെള്ളം കൊണ്ടു വരൂ.' ഭൃത്യൻ കുറച്ച് സമയത്തിനുള്ളിൽ മൺപാത്രത്തിൽ വെള്ളവുമായി വന്നു. ഹദ്റത്ത് അബൂബക്ർ(റ) തന്റെ രണ്ടു കൈകൊണ്ടും പാത്രം പിടിച്ച് ദാഹം ശമിപ്പിക്കാൻ അതിനെ തന്റെ ചുണ്ടോട്

ശേഷം പേജ് 8 ൽ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.' (ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.' (ജുമുഅ ഖുത്വ്ബ 4-10-2019)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

## ഖുത്ബ ജുമുഅ

**നമ്മുടെ ജമാഅത്തിന് പ്രത്യേകിച്ചും അവർ തങ്ങളെ ദൈവനിയോഗിതനാണെന്ന് വാദിക്കുന്ന ഒരാളുമായി ചേർത്തു പറയുന്നതിനാൽ സവിശേഷമായ തഖ്‌വ ആർജിക്കേണ്ടത് അനിവാര്യമാണ്. എങ്കിൽ മാത്രമേ അവർ അകപ്പെട്ടിട്ടുള്ള വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും ശിർക്കുകളുടെയും ഭൗതിക ചായ്‌വുകളുടെയും അത്യാപത്തുകളിൽനിന്ന് അവർക്ക് രക്ഷ പ്രാപിക്കാൻ കഴിയുകയുള്ളൂ.**

**അമേരിക്കയിലെ സിയോൺ നഗരത്തിലെ ഫത്ഹെ അളീം മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ മസ്ജിദുകളോടുള്ള കടമ നിറവേറ്റുന്നതിനും അപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിനും ജമാഅത്തംഗങ്ങൾക്കുള്ള ഉപദേശം**

**ഖുത്ബ ജുമുഅ 2022 സെപ്റ്റംബർ 30/1401 തബൂക് 30,**
**മസ്ജിദ് ഫത്ഹെ അളീം സിയോൺ, അമേരിക്ക**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ○ الرَّحْمٰنِ الرَّحِيمِ ○ مٰلِكِ يَوْمِ الدِّينِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ○ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ○

ഇന്ന് നിങ്ങളിവിടെ സിയോണിലെ മസ്ജിദിന്റെ ഉദ്ഘാടനത്തിനുവേണ്ടി സമ്മേളിച്ചിരിക്കുകയാണ്. ജമാഅത്തിന്റെ ചരിത്രത്തിൽ ഒരു സവിശേഷമായ പ്രാധാന്യമുള്ള പട്ടണത്തിൽ മസ്ജിദ് നിർമിക്കുന്നതിന് അമേരിക്കയിലെ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന് അല്ലാഹു തൗഫീഖ് നൽകിയിരിക്കുന്നു. രണ്ടു ദിവസം മുമ്പേ ഒരു ജേർണലിസ്റ്റ് ഈ മസ്ജിദിന് ഇവിടെയെന്താണ് ഇത്രയധികം പ്രാധാന്യമെന്ന് ചോദിച്ചിരുന്നു. മസ്ജിദുകൾ എല്ലാംതന്നെ നമുക്ക് പ്രാധാന്യമുള്ളതാണ് എന്നായിരുന്നു ഞാൻ അവരോടു പറഞ്ഞത്. എല്ലാ മസ്ജിദുകളും നമുക്ക് പ്രധാനപ്പെട്ടവതന്നെയാണ്. അവർ കരുതിയത് ഞാൻ കേവലം ഈ ഒരു മസ്ജിദിന്റെ ആവശ്യത്തിനുവേണ്ടി ഇവിടെ വന്നിരിക്കുന്നു എന്നാണ്. ഞാൻ പറഞ്ഞു, നേരത്തെയും ഞാൻ മസ്ജിദുകളുടെ ഉദ്ഘാടനത്തിന് പോകാറുണ്ട്. ഏതായിരുന്നാലും ഞാൻ അവരോട് പറഞ്ഞു, ഈ മസ്ജിദിനും ഒരു പ്രാധാന്യമുണ്ട്. അതെന്തെന്നാൽ ഈ മസ്ജിദ് നിർമിച്ചിരിക്കുന്ന പട്ടണം ഇസ്‌ലാമിന്റെ ഒരു ശത്രു ഉണ്ടാക്കിയ പട്ടണമാകുന്നു. ചരിത്രത്തോട് താൽപര്യമുള്ളവർ ഈ ചരിത്രം മനസ്സിലാക്കാൻ ശ്രമിക്കുന്നതാണ്. ഈ ചരിത്രം പറഞ്ഞു കൊടുക്കാൻ, ജമാഅത്തിലുള്ളവർക്കല്ലാതെ മറ്റാർക്കും തന്നെ ഈ പട്ടണത്തിന്റെ ചരിത്രമോ ഡൂയിയേയോ അറിയുകയില്ല, അതുകൊണ്ട് ഒരു എക്സിബിഷൻ ജമാഅത്ത് സംഘടിപ്പിക്കുന്നുണ്ട്. അതുമുഖേന ഇതിന്റെ ചരിത്രത്തിലേക്ക്, ജമാഅത്തിന്റെ വീക്ഷണത്തിൽ ഈ പട്ടണത്തിന്റെ പ്രാധാന്യത്തിലേക്ക് വെളിച്ചം വീശുന്നതാണ്. താൽപര്യമുള്ളവർക്ക് ഈ പ്രദർശനം മുഖേന കുറെയൊക്കെ പ്രയോജനമെടുക്കാൻ കഴിയുന്നതാണ്. ഒരുപക്ഷേ, നാളെ അവർ ഇതേകുറിച്ച് ലേഖനവും എഴുതുന്നതായിരിക്കും. ഞാൻ പറഞ്ഞു വന്നതുപോലെ ഇതിന്റെ ചരിത്രപരമായ പ്രാധാന്യമെന്തെന്നാൽ ഒരു നാമധാരിയായ വാദഗതിക്കാരൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ മോശം ഭാഷ ഉപയോഗിക്കുകയും പിന്നെ അയാളുടെ നാശവും ഈ പട്ടണത്തിൽ ജമാഅത്ത് സ്ഥാപിക്കപ്പെടുന്നതും ഓരോ അഹ്മദിയേയും അല്ലാഹുവിനോട് നന്ദിയുള്ളവനാക്കുന്നു, ആക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് നമ്മൾ ഈ പട്ടണത്തിലെ ജനങ്ങളോടും നന്ദി പ്രകടിപ്പിക്കുന്നു. തുടക്കത്തിൽ കൗൺസിൽ ഈ മസ്ജിദുണ്ടാക്കുന്നതിന് എതിരായിരുന്നു. എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. പക്ഷേ, ജനങ്ങൾ നമുക്കുവേണ്ടി നിൽക്കുകയും നമുക്കിവിടെ മസ്ജിദ് നിർമിക്കുന്നതിന് അനുമതി നൽകാൻ അവരെ നി ർബന്ധിക്കുകയും ചെയ്തു.

നബി(സ)തിരുമേനിയുടെതന്നെ നിർദേശം ജനങ്ങളോടു നന്ദി പ്രകടിപ്പിക്കാത്തവൻ അല്ലാഹുവിനോടു നന്ദി കാണിക്കുന്നില്ല എന്നാണ്. *(സുനനുത്തുർമിദി, അബ്‌വാബുൽ ബിർറി വസ്സ്വില, ഹദീഥ് 1954)*

ഈ നിർദേശമനുസരിച്ച് നമുക്ക് അല്ലാഹുവിന്, അതായത് ഈ മസ്ജിദ് നിർമിക്കുന്നതിന് തൗഫീഖ് നൽകിയ മഹത്ത്വമുടയവനായ ദൈവത്തോടു നന്ദി പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ നമ്മൾ അഹ്മദികളെ സംബന്ധിച്ചിടത്തോളം ഇത് കേവലം ഒരു സന്തോഷത്തിന്റെ ദിവസമല്ല പ്രത്യുത വളരെയേറെ നന്ദി പ്രകടനത്തിന്റെ ദിവസം കൂടിയാകുന്നു. നമുക്ക് ഇവിടെ മസ്ജിദുണ്ടാക്കുന്നതിന് തൗഫീഖ് നല്കിയതോടൊപ്പം കാലഘട്ടത്തിന്റെ ഇമാമിന്റെ, നബി(സ)തിരുമേനിയുടെ സത്യസന്ധനായ പ്രേമിയുടെ, സത്യസാക്ഷ്യത്തിനുള്ള ജീവസുറ്റ അടയാളം കാണിച്ചുതന്ന അല്ലാഹുവിനോടു നന്ദി പ്രകടിപ്പിക്കേണ്ട ദിവസമാകുന്നു.

ചരിത്രത്തിന്റെ താളുകളിൽ, അതായത് അക്കാലഘട്ടത്തിലെ ചരിത്രത്തിലുള്ള ചില കാര്യങ്ങളും ഞാൻ വിവരിക്കുന്നതാണ്. അതിൽനിന്ന് ഇതിന്റെ പ്രാധാന്യവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യവും ജനങ്ങൾ അത് അംഗീകരിച്ചതും മനസ്സിലാകുന്നതായിരിക്കും. നമ്മൾ എത്രമാത്രം നന്ദിയുള്ളവരാകുന്നുവോ അത്രയധികം അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ നമുക്കുമേൽ വർഷിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിന്റെ അടയാളങ്ങൾ നമുക്ക് വ്യക്തമായിക്കൊണ്ടിരിക്കുന്നതുമാണ്.

ചുരുക്കത്തിൽ നമ്മുടെ ഈ നന്ദി പ്രകടനത്തിന്റെ അവസ്ഥ തന്നെയാണ് നമ്മെ ഈ അടയാളങ്ങളുടെ സത്യസാക്ഷ്യത്തിനുള്ള സാക്ഷികളാക്കുന്നത്. തീർച്ചയായും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ജമാഅത്തിന്റെ പുരോഗതിയെ കുറിച്ച് അല്ലാഹുവിന്റെ നിരവധി വാഗ്ദാനങ്ങളുണ്ട്. അവൻ നിങ്ങൾക്ക് ജമാഅത്തിന്റെ പുരോഗ തികൾ കാണിച്ചു തരുന്നതാണ്. കാണിച്ചു തന്നിട്ടുമുണ്ട്. കാണിച്ചു തന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. മേലിൽ കാണിച്ചു തരുന്നതുമാണ്. എന്നാൽ, ഈ വിജയങ്ങൾ കാണുന്നതിനും അതിൽ ഭാഗഭാക്കാകുന്നതിനുമുള്ള അർഹത കൈവരിക്കണമെങ്കിൽ നമ്മൾ അല്ലാഹുവിനോടു നന്ദിയുള്ളവരായിരിക്കണം. അല്ലാഹുവിന്റെ കൽപ്പനകൾ പ്രാവർത്തികമാക്കുന്നവരായിരിക്കണം. അവ നോടുള്ള കടമകൾ നിറവേറ്റുന്നവരായിത്തീരണം.

നിരവധി വാഗ്ദാനങ്ങൾ നമ്മൾ നമ്മുടെ ജീവിതത്തിൽ പൂർത്തിയായതായി കണ്ടിരിക്കുന്നു. അല്ലാഹു അതിന്റെ സമയങ്ങളിൽ ഓരോ വാഗ്ദാനവും പൂർത്തിയാകുന്നതിന്റെ ദൃശ്യങ്ങൾ കാണിച്ചു തന്നുകൊണ്ടിരിക്കുന്നു. ഇത് വാഗ്ദാനങ്ങൾ പൂർത്തിയാകുന്ന കാഴ്ചയല്ലെങ്കിൽ മറ്റെന്താണ്? ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു വ്യാജവാദി, ഇസ്‌ലാമിന്റെ ശത്രു നശിക്കുമെന്ന പ്രവചനം ഇന്നേക്കു നൂറ്റിയിരുപതുവർഷം മുമ്പേ അല്ലാഹുവിൽനിന്ന് അറിയിപ്പു കിട്ടിയതനുസരിച്ച് നടത്തുകയുണ്ടായി. ഇന്ന് അയാളുടെ പട്ടണത്തിൽ, അതിനെ കുറിച്ച് അയാൾ വിളംബരപ്പെടുത്തിയത് ക്രിസ്ത്യാനിയാകാതെ ഒരു മുസ്‌ലിമിനും ഇവിടെ പ്രവേശിക്കാൻ സാധ്യമല്ലെന്നാണ്. അവിടെയാണ് ജമാഅത്തിന് മസ്ജിദുണ്ടാക്കാൻ തൗഫീഖ് ലഭിച്ചിരിക്കുന്നത്.

ഇതാണ് അല്ലാഹുവിന്റെ പ്രവൃത്തി. ഒരു കോടിപതിയെ, ഭൗതികമായി അന്തസ്സും ആഭിജാത്യവും ഉണ്ടായിരുന്ന ഒരാളെ അല്ലാഹു വ്യാജനാക്കിക്കൊണ്ട് ഇല്ലാതാക്കി. പഞ്ചാബിലെ ഒരു കുഗ്രാമത്തിൽ വസിച്ചിരുന്ന തന്റെ വരിഷ്ഠദാസന്റെ വാദഗതിയെ അത് ഇസ്‌ലാമിന്റെ പുനരുജ്ജീവനുമായി ബന്ധപ്പെട്ടതായിരുന്നു, ലോകത്തിന്റെ 220 രാഷ്ട്രങ്ങളിൽ മുഖരിതമാകുന്നതിനുള്ള സംവിധാനമൊരുക്കി. എന്നാൽ, ഇവിടെ നമ്മുടെ ജോലികൾ അവസാനിക്കുകയാണോ? അമേരിക്കയിലെ ഒരു ചെറിയ പട്ടണത്തിൽ ഒരു മസ്ജിദുണ്ടാക്കി, ജമാഅത്തിന് പുരോഗതി കിട്ടി എന്നത് മാത്രമാണോ? അല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നു വേണ്ടി അല്ലാഹു മുഴുവൻ ലോകത്തെയും കർമഭൂമി ആക്കിയിരിക്കുന്നു. നമുക്കു ചെറിയ പട്ടണങ്ങളെയും വലിയ പട്ടണങ്ങളെയും രാഷ്ട്രങ്ങളെയും നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ കൊണ്ടു വരേണ്ടതുണ്ട്. നമ്മുടെ സാഹചര്യങ്ങൾ നോ ക്കുകയാണെങ്കിൽ ഇതു വളരെ വിശാലമായ പദ്ധതിയായി കാണപ്പെടുന്നു. പക്ഷേ, അല്ലാഹു അതൊക്കെയായിട്ടും നമുക്കുമേലാണ് ഈ ഉത്തരവാദിത്വം ഏൽപിച്ചിട്ടുള്ളത്. അതും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാകുന്നു. എന്നാൽ, അദ്ദേഹം പറയുന്നു, ഈ ചെയ്യുന്ന കർമങ്ങളെല്ലാംതന്നെ നമ്മുടെ നിസാരമായ പ്രവർത്തനങ്ങൾ മാത്രമാകുന്നു. അതോടൊപ്പം ദുആകളും അനിവാര്യമാകുന്നു. ദുആകൾ മുഖേനയാണ് ഇതൊക്കെ നടക്കുക.

അതുകൊണ്ടുതന്നെ ദുആകളിലേക്ക് ശ്രദ്ധിക്കുന്നതിനും ഈ പ്രധാന സംഗതി ഏതുസമയത്തും നമ്മൾ അവലംബിക്കേണ്ടതാണ്. മസ്ജിദുകൾ നിർമിക്കുന്നത് ജനങ്ങൾ ആരാധനാകർമങ്ങൾക്ക് ഒരുമിച്ചു കൂടുന്നതിനു വേണ്ടിയാകുന്നു. അഞ്ചുനേരം അല്ലാഹുവിന് മുന്നിൽ ഹാജരാകുക. ജുമുഅ

കളിൽ കൃത്യനിഷ്ഠ ഉണ്ടാകുക. ലൗകികതയുടെ കളിതമാശകളിലും ജോലികളിലും ഇബാദത്തുകൾ മറന്നുപോകാതിരിക്കുക. നമ്മൾ നമ്മുടെ ആരാധനകൾ മറന്നു പോകുകയാണെങ്കിൽ ഈ മസ്ജിദ് നിർമാണം കേവലം ഒരു ഭൗതിക നിർമിതി ഉയർത്തുന്നത് മാത്രമായിരിക്കും. ലോക ത്തോടു നമ്മൾ ഇവിടെ ഒരു മസ്ജിദ് നിർമിച്ചുവെന്ന് പറയുന്നുണ്ടാകും. എന്നാൽ, നമ്മുടെ കർമങ്ങൾ അല്ലാഹുവിനു മുന്നിൽ മസ്ജിദിന്റെ അനുഗ്രഹങ്ങൾ സ്വായത്തമാക്കാൻ അർഹതയുള്ളതായിത്തീരണം. അങ്ങനെ നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ സഹായി കളിൽ ഭാഗഭാക്കാകാൻ കഴിയണം. ആ മഹാത്മാവ് പറയുന്നു: 'നിങ്ങൾ നിരന്തരം പ്രാർഥനകൾ മുഖേന എന്റെ സഹായികളാകുവിൻ. അങ്ങനെയായാൽ നമുക്ക് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എത്രയും വേഗം പൂർത്തിയാകുന്നതായി കാണാൻ കഴിയുന്നതാണ്.'

അതുകൊണ്ട് ഇന്ന് നമ്മളിലെ ഓരോരുത്തരും ദുആകൾ സ്വീകാര്യയോഗ്യമായിത്തീരാൻ ഇബാദത്തുകൾ ജീവിതത്തിന്റെ ഭാഗമാക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ കുട്ടികൾക്കും ഇബാദത്തിന്റെ ശീലമുണ്ടാക്കുക. അല്ലാഹു പറഞ്ഞു തന്ന രീതിയനുസരിച്ച് തങ്ങളുടെ നമസ്കാരങ്ങളെ മനോഹരമാക്കിത്തീർക്കുക. ആത്മാർഥമായി അല്ലാഹുവിന്റെ മുന്നിൽ കുനിയുക. അവനോടു കൂടുതൽ വിജയങ്ങൾക്കുവേണ്ടി യാചിക്കുക. ഇതെല്ലാം ലഭിക്കുകയും പിന്നെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്കുകയും ചെയ്യുന്നത് കാണാൻ കഴിയുന്ന ആളുകൾ നമുക്കിടയിലെ എത്ര വലിയ സൗഭാഗ്യവാന്മാരായിരിക്കും!

നമ്മൾ നമ്മുടെ ഇബാദത്തുകളുടെ നിലവാരം ഉയർത്തുകയാണെങ്കിൽ, ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുകയാണെങ്കിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്[അ]നോട് ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ നമ്മുടെ ജീവിതത്തിൽത്തന്നെ പൂർത്തിയാകുന്നത് കാണുന്നതായിരിക്കും.

നമുക്ക് നമ്മുടെ അവസ്ഥകളിലേക്ക് ശ്രദ്ധ തിരിക്കേണ്ടത് അനിവാര്യമാകുന്നു. ഈ വികസിത രാഷ്ട്രങ്ങളിൽ വന്നുകൊണ്ട് നമ്മൾ ഭൗതികതയിൽ ആണ്ടുപോകരുത്. കഴിഞ്ഞ കുറച്ചു കാലമായി പുതിയ അസൈലിമിന് അപേക്ഷിച്ചിട്ടുള്ള ആളുകളും ഇവിടെ വന്നിട്ടുണ്ട്. ഏതായിരുന്നാലും ഭൗതികതയിൽ ആണ്ടുപോകരുത്. ഇവിടെയുണ്ടാകുന്ന ഓരോ പുതിയ മസ്ജിദും ഒരു നവോന്മേഷവും ആവേശവും അല്ലാഹുവുമായിട്ടുള്ള ബന്ധവും നമുക്കുള്ളിൽ ഉണ്ടാക്കാൻ ഉതകുന്നതായിരിക്കണം. അല്ലാഹു തന്റെ വാഗ്ദാനങ്ങൾ പൂർത്തിയാക്കുക തന്നെ ചെയ്യും. നമ്മുടെ കർമങ്ങൾ കാരണം അത് പൂർത്തിയാകുന്നത് വൈകരുത്. അതല്ലെങ്കിൽ നമ്മളല്ലാത്ത മറ്റാരെങ്കിലും മുഖേന അത് പൂർത്തിയാകാൻ ഇടവരരുത്. നമുക്കുശേഷം വരുന്നവർ മുഖേന അത് പൂർത്തിയാകുകയും നമ്മൾ അതിൽനിന്ന് പിന്തള്ളപ്പെട്ടവരാകുകയും ചെയ്യാൻ പാടില്ല. നബി[സ]തിരുമേനിയോടു ഇസ്‌ലാമിന്റെ വിജയത്തെ കുറിച്ച് അല്ലാഹുവിന്റെ വാഗ്ദാനമുണ്ടായിരുന്നു. അല്ലാഹുവിന് നബി[സ]തിരുമേനിയെക്കാളും പ്രിയപ്പെട്ട മറ്റേതു നബിയാണുള്ളത്? പക്ഷേ, എന്നിട്ടുപോലും ബദ്ർ യുദ്ധാവസരത്തിൽ നബി[സ]തിരുമേനിയുടെ വിലാപവും വിനയവും ആർദ്രതയും ദുആകളും ഒരു ഉന്നത നിലവാരത്തിലായിരുന്നില്ലേ? എത്രമാത്രം തേങ്ങിത്തേങ്ങിക്കരഞ്ഞിരുന്നു. ഏങ്ങലടികൊണ്ട് നബി[സ]തിരുമേനിയുടെ മേലുണ്ടായിരുന്ന പുതപ്പ് കൂടെ ക്കൂടെ ഉതിർന്നു വീഴുമായിരുന്നു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്[റ] ചോദിച്ചു: 'യാ റസൂലല്ലാഹ്! വിജയത്തിന്റേയും സഹായത്തിന്റേയും അല്ലാ ഹുവിന്റെ വാഗ്ദാനമുള്ളതല്ലേ? എന്നിരിക്കെ ഇത്രമാത്രം അസ്വസ്ഥത പ്രകടിപ്പിക്കുന്നതെന്തിനാണ്?' അപ്പോൾ നബി[സ]തിരുമേനി പറഞ്ഞു:

'അല്ലാഹു പരാശ്രയരഹിതനാകുന്നു. വിജയങ്ങളിലും മറഞ്ഞിരിക്കുന്ന നിബന്ധനകളുണ്ടാകും. അതുകൊണ്ട് എന്റെജോലി അല്ലാഹുവിനോടു അങ്ങേയറ്റം വിനയത്തോടെ അവന്റെ സഹായം ചോദിക്കലാണ്. *(മൽഫൂദാത്ത് വാല്യം 1, പേജ് 11)*

പിന്നീട് ശത്രുക്കളുടെ നിരന്തരമായ ആക്രമണങ്ങളും വിവിധ സന്ദർഭങ്ങളിലുണ്ടായ നഷ്ടങ്ങളുമുണ്ടായിട്ടും ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾതന്നെ അല്ലാഹു വിജയം നൽകി. ആ മഹത്തായ വിജയം അതിനുമുമ്പേ ചരിത്രത്തിൽ കാണാനോ കേൾക്കാനോ കഴിഞ്ഞിട്ടില്ല. ജീവദാഹികളായ ശത്രുക്കൾ മുസ്‌ലിമീങ്ങളായി എന്ന് മാത്രമല്ല നബി[സ]തിരുമേനിയുടെ അനുരാഗികളായി മാറി. തങ്ങളുടെ ജീവൻ നബി[സ]തിരുമേനിക്കുവേണ്ടി ത്യജിക്കുന്നത് കർമപരമായ ചിത്രങ്ങളായി മാറി. മാത്രമല്ല തങ്ങളുടെ മൃതശരീരങ്ങളിലൂടെ കടന്നു പോയിക്കൊണ്ടല്ലാതെ ഒരു ശത്രുവിനും നബി[സ] തിരുമേനി യുടെ അടുത്തെത്താൻ കഴിയുകയില്ലെന്ന് അവർ ലോകത്തിനു മുന്നിൽ കാണിച്ചു കൊടുത്തു. നിന്ദ്യതയും ദൈന്യതയും മുദ്രവെക്കപ്പെട്ടവരെ അല്ലാഹു നാമാവശേഷമാക്കി. ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: 'അല്ലാഹുവിൽ വിലയം പ്രാപിച്ച ഒരു മഹാത്മാവ് ഉയർത്തിയ പ്രാർഥനകളായിരുന്നു ഈ വിപ്ലവമുണ്ടാക്കിയത്.' *(ബർക്കാത്തുദ്ദുആ, റൂഹാനീ ഖസാഇൻ വാല്യം 6, പേജ് 11)*

ഇന്നും ദൈവത്തിൽ ലീനനായ ആ മഹാത്മാവിന്റെ സത്യദാസന്റെ ദുആകൾ തന്നെയാണ് യഥാസമയം പൂർത്തിയായി നബി[സ]തിരുമേനിയുടെ കാൽച്ചുവട്ടിൽ ലോകത്തെ കൊണ്ടുവരിക. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: 'ഞാനുമായുള്ള ബന്ധം വിളിച്ച് പറയുന്ന നിങ്ങൾ, നിങ്ങളുടെ ദുആകളും കർമങ്ങളും മു ഖേന എന്നെ സഹായിക്കുവിൻ.'

ഇന്ന് നമ്മൾ ഈ മസ്ജിദിന്റെ ഉദ്ഘാടനത്തിൽ പങ്കെടുത്തിരിക്കുകയാണ്. ഇതിന്റെ പേര് 'ഫത്ഹെ അളീം' അതായത് 'മഹത്തായ വിജയത്തിന്റെ മസ്ജിദ്' എന്നാണ് വെച്ചിട്ടുള്ളത്. ഈ പേര് ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ ഇൽഹാമുകളുടെയും പ്രവചനങ്ങളുടെയും വെളിച്ചത്തിലാണ് വെച്ചിട്ടുള്ളത്. ആ മഹാത്മാവ് അല്ലാഹുവിൽനിന്ന് ലഭിച്ച അറിയിപ്പനുസരിച്ച് ഡൂയിയുടെ നാശത്തെ കുറിച്ച് പ്രവചിച്ചിട്ടുണ്ടായിരുന്നു. ആ മഹാത്മാവ് പറഞ്ഞു: 'മഹത്തായ വിജയമുള്ള ഈ അടയാളം ഉടൻതന്നെ വെളിപ്പെടുന്നതായിരിക്കും.' എന്നു മാത്രമല്ല പതിനഞ്ചിരുപത് ദിവസങ്ങൾക്കുള്ളിൽത്തന്നെ അയാളെ അല്ലാഹു നശിപ്പിച്ചതും വളരെ ദയനീയമായി ഉന്മൂലനം ചെയ്തതും ലോകം കാണുകയുണ്ടായി. അതിനു മുമ്പേ അല്ലാഹു അയാ ളോട് എങ്ങനെയെല്ലാമാണ് പെരുമാറിയതെന്നത് വിശദീകരണം അർഹിക്കുന്ന മറ്റൊരു സംഗതിയാണ്. ഏതായിരുന്നാലും അയാളുടെ നാശത്തെ കുറിച്ചുള്ള അടയാളത്തെ സംബന്ധിച്ച് അല്ലാഹുവിൽനിന്ന് അറിയിപ്പു കിട്ടിയതനുസരിച്ച് ആ മഹാത്മാവ് 'മഹത്തായ വിജയം' എന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഇന്ന് അതിന്റെ അടുത്ത ചുവട് എന്ന നിലയ്ക്ക് ആ പട്ടണത്തിൽ നമ്മൾ മസ്ജിദ് ഉദ്ഘാടനം ചെയ്യുകയാണ്. അദ്ദേഹത്തിന്റെ ഇൽഹാമിലെ ഒരു ഭാഗം ഏകദേശം നൂറ്റിപതിനഞ്ചു വർഷങ്ങൾക്കുമുമ്പേ പൂർത്തിയായതായി നമ്മൾ കണ്ടതാണ്. അതിന്റെ അടുത്ത ചുവട് ഇന്ന് പൂർത്തിയായതായി നമ്മൾ കാണുന്നു. 115, 120 വർഷങ്ങൾക്കുമുമ്പേ അന്നുണ്ടായിരുന്ന പത്രങ്ങൾ, അതെല്ലാം ഭൗതിക പത്രങ്ങളായിരുന്നു, അവർ ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ വെല്ലുവിളി പ്രസിദ്ധീകരിക്കാൻ പത്രങ്ങളിൽ ഇടം നല്കി. പിന്നെ അയാളുടെ നാശത്തെ കുറിച്ചും വാർത്തകൾ കൊടുത്തു. ഇത് ലോകം അംഗീകരിച്ച ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ ദൃഷ്ടാന്തമായിരുന്നു. ഒരു പത്രത്തിലെ കുറച്ചു ഭാഗങ്ങൾ ഞാൻ ഇവിടെ ഉദ്ധരിക്കാം. കൂടുതൽ സാധ്യമല്ല.

1907 ജൂൺ 23-ലെ 'ദ സൺഡേ ഹെറാൾഡ് ബോസ്റ്റൺ'(The Sunday Herald Bpston) ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പരിചയപ്പെടുത്തിക്കൊണ്ടെഴുതി: പിന്നീട് അദ്ദേഹത്തിന്റെ വാദങ്ങളും ചലഞ്ചുകളും എഴുതി. പിന്നെ ഡൂയിയെ സംബന്ധിച്ച് എഴുതി. ഈ പത്രത്തിലെ ചില ഭാഗങ്ങൾ ഞാൻ സമർപ്പിക്കാം. അവർ പറയുന്നു. അവർ ഹെഡ്ഡിംഗ് ഇങ്ങനെയാണെഴുതിയത്:

'മഹാനായ മിർസാ ഗുലാം അഹ്മദ് മസീഹാണ്.' അദ്ദേഹം ഡൂയിയുടെ ദുർപര്യവസാനത്തെ കുറിച്ച് അറിയിപ്പു നൽകി. ഇപ്പോൾ പ്ലേഗിനെ കുറിച്ചും വെള്ളപ്പൊക്കത്തെ കുറിച്ചും ഭൂകമ്പത്തെ കുറിച്ചും പ്രവചനം ചെയ്ത് കൊണ്ടിരിക്കുന്നു.' പത്രം പറയുന്നു: 'ആഗസ്റ്റ് മാസത്തിലെ 23 ദിവസങ്ങൾ കഴിഞ്ഞതേ ഉണ്ടായിരുന്നുള്ളു, ഇന്ത്യയിലെ ഖാദിയാനിലുള്ള മിർസാ ഗുലാം അഹ്മദ്, ഏലിയ പ്രവാചകന്റെ രണ്ടാം വരവ് എന്ന് അവകാശപ്പെട്ട അലക്സാണ്ടർ ഡൂയിയുടെ മരണത്തെ കുറിച്ച് പ്രവചിച്ചു. അത് കഴിഞ്ഞ മാർച്ചിൽ പൂർത്തിയായി.' തുടർന്ന് പറയുന്നു: 'ഈ ഇൻഡ്യാക്കാരൻ ലോകത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലും പല വർഷങ്ങളായി പ്രസിദ്ധനാണ്. അദ്ദേഹം അവസാന കാലത്ത് വരേണ്ട സത്യമസീഹ് വന്നിരിക്കുന്നുവെന്നും അത് താനാണെന്നും വാദിക്കുന്നു. ദൈവം അദ്ദേഹത്തിന് അന്തസ്സ് നൽകുകയും ചെയ്തു. അമേരിക്കയിൽ ആദ്യമായി അദ്ദേഹത്തെ കുറിച്ച് ചർച്ച ഉണ്ടാകുന്നത് 1903-ൽ മൂന്നാം ഏലിയാവുമായുണ്ടായ അദ്ദേഹത്തിന്റെ സംവാദത്തിലൂടെയാണ്. ഡൂയിയുടെ മരണശേഷം ഈ ഇന്ത്യൻ നബിയുടെ പ്രസിദ്ധി ഉന്നതിയുടെ പാരമ്യത്തിലെത്തി. കാരണം അദ്ദേഹം ഡൂയിയുടെ മരണത്തെ കുറിച്ച് പറഞ്ഞിട്ടുണ്ടായിരുന്നു. അതായത് മിർസ സാഹിബിന്റെ ജീവിതത്തിൽത്തന്നെ അയാൾ വളരെ ദുഖത്തിലും ദുരിതത്തിലും അകപ്പെട്ട് മരണപ്പെടുന്നതായിരിക്കുമെന്ന്!' തുട ർന്ന് എഴുതുന്നു: 'മിസ്റ്റർ ഡൂയി എന്റെ മുബാഹല ആഹ്വാനം (ദിവ്യ സമരാഹ്വാനം), അതായത് മസീഹ് മൗഊദ്[അ] പറയുന്നത് പോലെയാണ് അവർ എഴുതുന്നത്, സ്വീകരിക്കുകയാണെങ്കിൽ, പ്രത്യക്ഷത്തിലോ പരോക്ഷത്തിലോ എനിക്കെതിരിൽ നിൽക്കുകയാണെങ്കിൽ ഞാൻ കണ്ടുകൊണ്ടിരിക്കെത്തന്നെ വളരെ നിരാശയിലും ദുഖത്തിലും അയാൾ ഈ ലോകത്തോട് വിട പറയുന്നതായിരിക്കും.'

വീണ്ടും എഴുതുന്നു: 'മിസ്റ്റർ ഡൂയി ഈ മത്സരത്തിൽനിന്ന് ഓടിയകലുകയാണെങ്കിൽ നോക്കുക, ഞാൻ ഇന്ന്, അതായത് മസീഹ് മൗഊദ്[അ] പറയുന്നതായി എഴുതുന്നു, എല്ലാ അമേരിക്കക്കാരേയും യൂറോപ്യൻ നിവാസികളേയും സാക്ഷി നിറുത്തിക്കൊണ്ട് പറയുന്നു, 'ഈ രീതിയും അയാളുടെ പരാജയമായി ഗണിക്കപ്പെടുന്നതായിരിക്കും. അത്തരം ഒരവസ്ഥയിൽ അയാൾ ഇൽയാസ് അഥവാ ഏലിയാവാണെന്ന് വാദിക്കുന്നത് കേവലം ചതിയാണെന്നും വഞ്ചനയാണെന്നും പൊതുജനങ്ങൾ മനസ്സിലാക്കേണ്ടതാണ്. അയാൾ അങ്ങനെ മരണത്തിൽനിന്ന് ഓടിയകലാൻ ആഗ്രഹിക്കുകയാണ്. വാസ്തവത്തിൽ ഇത്ര വലിയ മത്സരത്തിൽനിന്ന് ഓടിപ്പോകുകതന്നെ ഒരു മരണമാകുന്നു. തീർച്ചയായും അറിഞ്ഞു കൊള്ളുക, അയാളുടെ സിയോൺ പട്ടണത്തിൽ ഉടൻതന്നെ വലിയ നാശം ഇറങ്ങുന്നതായിരിക്കും. ഈ രണ്ടവസ്ഥയിൽ ഒന്ന് അയാളെ തീർച്ചയായും പിടികൂടും. ഇനി ഞാൻ ഈ വിഷയം ഇങ്ങനെ പ്രാർഥിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്: 'അല്ലയോ എല്ലാത്തിനും കഴിവുമുള്ള സമ്പൂർണനായ നാഥാ! എല്ലാ സമയത്തും പ്രവാചകന്മാർക്കുമേൽ വെളിപ്പെടുകയും വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന ദൈവമേ! നീ എത്രയും വേഗം ഡൂയിയുടെ കള്ളത്തരം വെളിപ്പെടുത്തിക്കൊണ്ട് തീരുമാനം ഉണ്ടാക്കേണമേ! കാരണം ഇക്കാലഘട്ടത്തിൽ നിന്റെ

ശേഷം പേജ് 11 ൽ

പേജ് 5 ൽ നിന്ന്

അടുപ്പിച്ചു. അദ്ദേഹം വെള്ളംചേർത്തതേൻ പാത്രത്തിൽ നിറഞ്ഞിരിക്കുന്നതായി കണ്ടു. അദ്ദേഹം ആ പാത്രം താഴെ വെച്ചു. വെള്ളം കുടിച്ചില്ല. എന്നിട്ട് ഭൃത്യനെ നോക്കിക്കൊണ്ട് ചോദിച്ചു. 'ഇത് എന്താണ്?' ഭൃത്യൻ പറഞ്ഞു: 'വെള്ളത്തിൽ തേൻ കലർത്തിയതാണ്.' ഹദ്റത്ത് അബൂബക്ർ(റ) പാത്രത്തിലേക്ക് നല്ല വണ്ണം നോക്കിക്കൊണ്ടിരുന്നു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞതേയുള്ളൂ അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നു കണ്ണീർ ധാരധാരയായി ഒഴുകാൻ തുടങ്ങി. ഹദ്റത്ത് അബൂക്ർ(റ) തേങ്ങിത്തേങ്ങി കരയുകയാണ്. കരഞ്ഞുകരഞ്ഞ് അദ്ദേഹത്തിന്റെ ശബ്ദം ഉച്ചത്തിലായി. അദ്ദേഹം വളരെ അസ്വസ്ഥനായി കാണപ്പെട്ടു. ജനങ്ങൾ അദ്ദേഹത്തെ ശ്രദ്ധിക്കുകയും അദ്ദേഹത്തെ സമാധാനപ്പെടുത്തിക്കൊണ്ടു ചോദിക്കുകയും ചെയ്തു. അല്ലയോ നബി(സ)തിരുമേനിയുടെ ഖലീഫയായുള്ളോവേ! അങ്ങയ്ക്ക് എന്തുപറ്റി? എന്തിനാണ് ഇത്രമാത്രം കരയുന്നത്. ഞങ്ങളുടെ മാതാപിതാക്കൾ അങ്ങയ്ക്കു തെണ്ടമായിരിക്കട്ടെ. അങ്ങ് എന്തിനാണ് കരയുന്നത്?' പക്ഷേ, ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) കരച്ചിൽ നിറുത്തിയില്ല. മാത്രമല്ല ചുറ്റുമുണ്ടായിരുന്ന എല്ലാവരും അദ്ദേഹത്തെ കണ്ടു കരയാൻ തുടങ്ങി. അവരെല്ലാം കരഞ്ഞു കരഞ്ഞ് നിശബ്ദരായി. എന്നാൽ, ഹദ്റത്ത് അബൂബക്ർ തുടർച്ചയായി കരഞ്ഞു കൊണ്ടി രുന്നു. അങ്ങനെ അദ്ദേഹത്തിന്റെ കണ്ണുനീർ അല്പം ശമിച്ചപ്പോൾ ജനങ്ങൾ അദ്ദേഹത്തോട് കരഞ്ഞതിന്റെ കാരണം ആരാഞ്ഞു. നബി(സ) തിരുമേനിയുടെ ഖലീഫയായുള്ളോവേ! അങ്ങ് എന്തിനാണ് കരഞ്ഞത്? അങ്ങയെ എന്താണ് കരയിച്ചത്. ഹദ്റത്ത് അബൂബക്ർ(റ) തന്റെ വസ്ത്രത്തിന്റെ അറ്റംകൊണ്ട് കണ്ണീർ തുടച്ചു. തന്നെ സ്വയം നിയന്ത്രിച്ചുകൊണ്ട് പറഞ്ഞു: 'നബി(സ) തിരുമേനി മരണ ശയ്യയിലായിരുന്നപ്പോൾ ഞാൻ നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. നബി(സ)തിരുമേനി എന്തോ സാധനം തന്റെ കൈകൊണ്ട് അകറ്റുന്നതായി ഞാൻ കണ്ടു. പക്ഷേ, അതെന്ത് സാധനമാണെന്ന് എനിക്ക് കാണാൻ കഴിയുന്നുണ്ടായിരുന്നില്ല. നബി(സ)തിരുമേനി, 'എന്നിൽനിന്ന് അകന്നു പോകൂ എന്നിൽ നിന്ന് അകന്നു പോകൂ' എന്ന് പതിഞ്ഞ സ്വരത്തിൽ പറയുന്നുണ്ടായിരുന്നു. ഞാൻ ചുറ്റുപാടും നോക്കിയെങ്കിലും ഒന്നും കാണാൻ കഴിഞ്ഞില്ല. ഞാൻ ചോദിച്ചു: 'യാ റസൂലല്ലാഹ്! അങ്ങ് എന്തോ സാധനം അകറ്റുന്നതായി ഞാൻ കാണുകയുണ്ടായി. എന്നാൽ, അങ്ങയുടെ അടുത്ത് എനിക്കൊന്നും കാണാൻ കഴിഞ്ഞതുമില്ല.' അപ്പോൾ നബി(സ)തിരുമേനി എന്നോടു പറഞ്ഞു: 'അത് വാസ്തവത്തിൽ ഭൗതിക ലോകമായിരുന്നു. അത് അതിന്റെ എല്ലാ സുഖ സൗകര്യങ്ങളോടൊപ്പം എന്റെ അടുക്കൽ വന്നതായിരുന്നു. ഞാൻ അതിനോട് പറഞ്ഞു, ദൂരത്തു പോകുക.' ഇത് ഒരു ജാഗ്രദർശനമായിരുന്നു. ദൂരത്തുപോകൂ എന്ന് പറഞ്ഞപ്പോൾ അത് അകന്നു പോയിട്ട് പറഞ്ഞു: 'അങ്ങ് എന്നിൽ നിന്ന് രക്ഷപെട്ടതെല്ലാം ശരിയാണ്. പക്ഷേ, അങ്ങയ്ക്കു ശേഷം വരുന്നവർ എന്നിൽ നിന്ന് രക്ഷപെടുന്നതല്ല.' ഹദ്റത്ത് അബൂബക്ർ(റ) അസ്വസ്ഥനായിക്കൊണ്ട് തന്റെ തല ആട്ടുകയും ദുഃഖഭരിതമായ ശബ്ദത്തിൽ ഇങ്ങനെ പറയുകയും ചെയ്തു: 'ജനങ്ങളേ! ഈ തേൻ ചേർത്ത വെള്ളം കാരണം ഞാൻ ഭയപ്പെട്ടത് ഈ ഭൗതിക ലോകം എന്നെ വലയം ചെയ്യുമോ എന്നാണ്. അതുകൊണ്ടാണ് ഞാൻ തേങ്ങിക്കരഞ്ഞത്. അതായത് അദ്ദേഹത്തിന് അത്രമാത്രം ദൈവഭയമുണ്ടായിരുന്നു.

ഇറാഖിലുണ്ടായ വിജയങ്ങളിൽ രണ്ടു വിലപിടിപ്പുള്ള പുതപ്പുകളും കിട്ടുകയുണ്ടായി. ഹദ്റത്ത് ഖാലിദ്(റ) സൈന്യത്തിലുണ്ടായിരുന്നവരുടെ അഭിപ്രായ പ്രകാരം ആ പുതപ്പുകൾ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന് ഉപഹാരമായി കൊടുത്തയച്ചുകൊണ്ടെഴുതി, 'ഇത് അങ്ങ് എടുത്താലും. അങ്ങയ്ക്കുവേണ്ടി കൊടുത്തയക്കുകയാണ്.' എന്നാൽ, ഹദ്റത്ത് അബൂബക്ർ(റ) അത് സ്വീകരിക്കാൻ വിസമ്മതിച്ചു. മാത്രമല്ല തന്റെ കുടുംബക്കാർക്കും അത് കൊടുത്തില്ല. പ്രത്യുത ഹദ്റത്ത് ഇമാം ഹുസയ്ന് അത് നൽകുകയുണ്ടായി. *(സയ്യിദുനാ സിദ്ദീഖെ അക്ബർ കെ ശബ് വ റോസ്, പേജ് 107, മക് തബത്തുൽ ഹറമയ്ൻ ലാഹോർ, 1437)* ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇനി ഞാൻ രണ്ടു പരേതാത്മാക്കളെ അനുസ്മരിക്കുന്നതാണ്. അതിനുശേഷം അവരുടെ ജനാസഗാഇബ് നമസ്കരിപ്പിക്കുന്നതുമാണ്.

ആദ്യത്തെ ജനാസ തഹ്‌രീക്കെ ജദീദിൽ വക്കീലുസ്സറാഅത്തായിരുന്ന സമീയുല്ലാഹ് സിയാൽ സാഹിബിന്റേതാണ്. 89-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. റഹ്മത്തുല്ലാഹ് സിയാൽ സാഹിബായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. സമീയുല്ലാഹ് സിയാൽ സാഹിബിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് അദ്ദേഹത്തിന്റെ പിതാവ് റഹ്മത്തുല്ലാഹ് സിയാൽ സാഹിബ് മുഖേനയായിരുന്നു. അദ്ദേഹം ഖലീഫത്തുൽ മസീഹ് ഥാനിയുടെ കാലഘട്ടത്തിൽ 1938-ൽ ബയ്അത്തു ചെയ്തു. ആ സമയത്ത് സമീയുല്ലാഹ് സിയാൽ സാഹിബിന് 4 വയസ്സായിരുന്നു. അദ്ദേഹം ബയ്അത്ത് ചെയ്തത് അദ്ദേഹത്തിന്റെ മാതാവ് അറിഞ്ഞപ്പോൾ അവർ തന്റെ ഭർത്താവിനെ ഉപേക്ഷിച്ചു. ഇദ്ദേഹത്തേയും എടുത്തുകൊണ്ട് പോയി. ഈ സംഭവം ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ സന്നിധിയിലെത്തിയപ്പോൾ ഹുദൂർ(റ) ഇദ്ദേഹത്തിന്റെ പിതാവിനോടു താങ്കൾ കേസ്സുകൊടുത്ത് കുട്ടിയെ തിരിച്ചുവാങ്ങാൻ പറഞ്ഞു. അങ്ങനെ കേസുകൊടുത്തു കുട്ടിയെ തിരികെ വാങ്ങി. അങ്ങനെയാണ് ഇദ്ദേഹം തന്റെ പിതാവിന്റെ സംരക്ഷണത്തിൽ വന്നത്. അദ്ദേഹം തന്നെയാണ് ഇദ്ദേഹത്തെ വളർത്തിയതും.

സമീയുല്ലാഹ് സാഹിബിന്റെ പിതാവ് കലാപത്തിന്നിടയിൽ കിഴക്കൻ പഞ്ചാബിൽ ശഹീദായി. അതിനുശേഷം ഇദ്ദേഹത്തിന്റെ എല്ലാ ബന്ധുക്കളും ഇദ്ദേഹത്തെ തിരിച്ചെടുക്കാൻ ശ്രമം തുടങ്ങി. ജമാഅത്തിൽനിന്നകറ്റാൻ ശ്രമിച്ചു. പക്ഷേ, ഇദ്ദേഹം ജമാഅത്ത് ഉപേക്ഷിച്ചില്ല. 1949-ൽ തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂളിൽനിന്ന് മെട്രിക് പാസ്സായി. 1954-ൽ തഅ്ലീമുൽ ഇസ്‌ലാം കോളേജിൽനിന്ന് ബി.എ.ചെയ്തു. പിന്നീട് 1956-ൽ ലാഹോർ ഗവൺമെന്റ് കോളേജിൽനിന്ന് എം.എ മാത്സ് ചെയ്തു. അദ്ദേഹത്തിന് രണ്ടു ആൺമക്കളാണ്. ഒരാൾ കനഡയിൽ ഡോക്ടറാണ്. രണ്ടാമത്തെ മകൻ ഇഫ്തിഖാറുല്ലാഹ് സിയാൽ സാഹിബ് തഹ്‌രീക്കെ ജദീദ് റബ്‌വയിൽ വാഖ്ഫെ സിന്ദഗിയാണ്. 1949-ൽ സിയാൽ സാഹിബ് വഖ്ഫു ചെയ്തു. മറ്റു വാഖ്ഫീനെ സിന്ദഗീമാരോടൊപ്പം അദ്ദേഹത്തിന്റെ ടെസ്റ്റു നടന്നു. ഇന്റർവ്യൂ നടന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നേരിട്ടാണ് ചോദ്യപേപ്പർ ക്രമപ്പെടുത്തിയത്. പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നിർദേശത്താൽ അദ്ദേഹം ഉപരി പഠനത്തിന് ലാഹോർ തഅ്ലീമുൽ ഇസ്‌ലാം കോളേജിൽ പ്രവേശനം നേടി. ഇവിടെനിന്ന് അദ്ദേഹം ആദ്യം ബി എസ്സ് സി സ്റ്റാറ്റിസ്റ്റിക്സ്(Statistics) ഡിഗ്രി കരസ്ഥമാക്കി. 1953-ൽ അദ്ദേഹം ജമാഅത്തിന്റെ ഓഫീസിൽ നിയമിതനായി. പിന്നീട് പല ഓഫീസുകളിലും സേവനം ചെയ്തുകൊണ്ടിരുന്നു. 1960 മുതൽ 1963 വരെ സിയറ ലിയോണിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. 1983-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അദ്ദേഹത്തെ വക്കീലുസ്സറാഅത്തായും സ്വൻഅത്ത് വ തിജാറത്ത് എന്ന നിലയിലും നിയമിച്ചു. 88 മുതൽ 99 വരെ വക്കീലുദ്ദീവാനായും 99 മുതൽ 2012 വരെ വക്കീലുസ്സറാഅത്തായും സ്വൻഅത്ത് വ തിജാറത്ത് എന്ന നിലയിലും സേവനം ചെയ്യാൻ തൗഫീഖുകിട്ടി. 2012 മുതൽ വഫാത്തുവരെ അദ്ദേഹം വക്കീലുസ്സറാഅത്തായിരുന്നു. അദ്ദേഹത്തിന്റെ സേവന കാലം 69 വർഷമാണ്. ഇതിനു പുറമെ അഞ്ചുമെന്റേയും തഹ്‌രീക്കിന്റേയും ഒരുപാടു കമ്മിറ്റികളിൽ അംഗമായിരുന്നു. ചില രജിസ്ട്രേഡ് കമ്പനികളുടെ ഡയറക്ടർ ആയിരുന്നു. ഇപ്രകാരംതന്നെ ഖുദ്ദാമുൽ അഹ്മദിയ്യായിലും സെക്രട്ടറി എന്ന നിലയിൽ സുദീർഘ കാലം വിവിധ വകുപ്പുകളിൽ പ്രവൃത്തിക്കാൻ തൗഫീഖ് ലഭിച്ചു.

അദ്ദേഹത്തിന്റെ ഭാര്യ അമത്തുൽ ഹഫീള് സിയാൽ സാഹിബ പറയുന്നു: 64 വർഷത്തെ ദാമ്പത്യ ജീവിതത്തിൽ വളരെ സാത്വികനും സഹതാപിയും അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നയാളും സ്നേഹിക്കുന്ന ആളുമായി ഞാൻ അദ്ദേഹത്തെ കണ്ടു. എല്ലാ ജോലിയിലും മറ്റുള്ളവർക്ക് മുൻഗണന നല്കിയിരന്നു. ഖലീഫത്തുൽ മസീഹിന്റെ കല്പനകൾക്ക് മറ്റെല്ലാ കാര്യത്തെക്കാളും മുൻഗണന നല്കിയിരുന്നു.എന്റെ വിവാഹം നടന്നപ്പോൾ ആരംഭത്തിൽത്തന്നെ താനൊരു വാഖ്ഫെ സിന്ദഗിയാണെന്നും ഒരു വാഖ്ഫെ സിന്ദഗിയുടെ ഭാര്യയും വാഖ്ഫെ സിന്ദഗിയാണെന്നുമുള്ള കാര്യം മനസ്സിലാക്കിത്തന്നു. സാധുക്കളെ സഹായിക്കുന്ന ആളായിരുന്നു. ആതിഥ്യവും നമ്മുടെ വീട്ടിൽ ഒരുപാടുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ മകൻ ഇഫ്തിഖാറുല്ലാഹ് സിയാൽ പറയുന്നു: ജമാഅത്തിനോടുള്ള കൂറും സ്നേഹവും കുട്ടിക്കാലം മുതലെ അദ്ദേഹത്തിൽ ഒരുപാടായിരുന്നു.1947-ലെ കലാപങ്ങളിൽ അദ്ദേഹത്തിന്റെ പിതാവ് ശഹീദായപ്പോൾ അദ്ദേഹം തികച്ചും തനിച്ചായി. വിവരിച്ചതുപോലെ അദ്ദേഹത്തിന്റെ ബന്ധുക്കളിൽ അദ്ദേഹം മാത്രമായിരുന്നു അഹ്മദി. മാതാവും ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞിരുന്നു. ബന്ധുക്കൾ അദ്ദേഹത്തോടു പറഞ്ഞു:നീ അഹ്മദിയ്യത്ത്

ഉപേക്ഷിക്കുക. എന്നാൽ, നിന്റെ ഭൗതികവും വിദ്യാഭ്യാസപരവുമായ എല്ലാ ചെലവുകളും ഞങ്ങൾ വഹിക്കുന്നതായിരിക്കും. പക്ഷേ, അഹ്മദിയ്യത്തിനോടുള്ള സ്നേഹവും അഹ്മദിയ്യത്തിന്റെ സത്യത്തിലുള്ള വിശ്വാസവും കാരണത്താൽ അദ്ദേഹം മറുപടി നല്കി: 'ഞാൻ വിശന്ന് മരിക്കുകയാണെങ്കിൽത്തന്നെയും അഹ്മദിയ്യത്ത് ഉപേക്ഷിക്കുകയില്ല.' പിന്നീട് എപ്പോഴും ആ ഈമാനിൽ നിലകൊണ്ടു. വഖ്ഫിന്റെ ഒരു പരമ്പര തനിക്കുശേഷവും തന്റെ സന്താനപരമ്പരയിൽ നിലനില്ക്കണമെന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. പറയുന്നു: ഞാൻ വഖ്ഫു ചെയ്തപ്പോൾ വളരെ സന്തോഷിച്ചു. ഇവിടെ ലണ്ടനിൽ വന്നിട്ടുണ്ടായിരുന്നു. ഖലീഫത്തുൽ മസീഹ് റാബിഅ്നോടു നേരിട്ടു പറഞ്ഞു: ഖലീഫത്തുൽ മസീഹ് റാബിഅ് അതിയായ സന്തോഷം പ്രകടിപ്പിച്ചു. യഥാർഥ വഖ്ഫ് എന്ന് പറയുന്നത് തന്റെ സന്താനങ്ങളിലും ഈ പരമ്പര നിലനില്ക്കുക എന്നതാണ്. ദീനീപരമോ അല്ലെങ്കിൽ ഭൗതികപരമോ ആയ ബുദ്ധിമുട്ടുകളുണ്ടാകുമ്പോൾ അല്ലാഹുവിന്റെ മുമ്പിൽ കുനിയുമായിരുന്നു. ആ ബുദ്ധിമുട്ടുകൾ അകലാൻവേണ്ടി താണുകേണ് ദുആകൾ ചെയ്യുമായിരുന്നു.

അദ്ദേഹത്തിന്റെ മകൻ തുടർന്നെഴുതുന്നു: അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരിക്കൽ പോലും തഹജ്ജുദ് നമസ്കരിക്കാത്തതായി ഞാൻ കണ്ടിട്ടില്ല. സാധുക്കളെ കഴിയുന്നത്ര സഹായിച്ചിരുന്നു. പറയുന്നു: അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഒരുപാടാളുകൾ എന്റെ അടുത്തുവന്ന് പറഞ്ഞു, തങ്ങൾ എപ്പോഴെങ്കിലും പണത്തിന്റെ ആവശ്യം വരുമ്പോൾ പെട്ടെന്നുതന്നെ സിയാൽ സാഹിബിന്റെ അടുത്തു പോകുകയും എപ്പോഴും അദ്ദേഹം തങ്ങളെ സഹായിക്കുകയും ചെയ്തിരുന്നു. എപ്പോഴെങ്കിലും വീട്ടിൽ എന്തെങ്കിലും പ്രശ്നമുണ്ടാകുകയും ജമാഅത്തിന്റെ സേവനത്തിന് ആ നേരത്ത് അവസരമുണ്ടാകുകയും ചെയ്താൽ ആ നേരത്ത് അദ്ദേഹം ജമാഅത്തിന്റെ ജോലി ചെയ്യാൻ ഇറങ്ങിപ്പുറപ്പെടുമായിരുന്നു. തന്റെ വീട്ടിലെ പ്രശ്നങ്ങൾ അല്ലാഹുവിന് വിടുമായിരുന്നു. അദ്ദേഹത്തിന്റെ മകൻ പറയുന്നു: ജമാഅത്തിനോടു സ്നേഹമുള്ളവനാകണമെന്നും കൂറുള്ളവനാകണമെന്നും എപ്പോഴും എന്നെ ഉപദേശിക്കുമായിരുന്നു. ഖലീഫത്തുൽ മസീഹിന്റെ നാവിൽനിന്ന് പുറപ്പെടുന്ന ഓരോ വാക്കിലും ദൃഢമായ വിശ്വാസമായിരുന്നു. ഇതു സംബന്ധമായി ഇദ്ദേഹം വിവരിക്കുന്നു: പ്രാരംഭകാലത്ത് വഖ്ഫുമായി ബന്ധപ്പെട്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ സന്നിധിയിൽ ഹാജരായപ്പോൾ, അക്കാലത്ത് ചർച്ചിൽ 80-ാമത്തെ വയസ്സിൽ വീണ്ടും പ്രധാനമന്ത്രിയായിരുന്നു. അപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) അദ്ദേഹത്തോടു പറഞ്ഞു: ചർച്ചിലിന് 80-ാം വയസ്സിൽ പ്രധാനമന്ത്രിയാകാമെങ്കിൽ താങ്കൾക്ക് ജമാഅത്തിന്റെ സേവനം ഇത്രയും കാലം എന്തുകൊണ്ട് ചെയ്തുകൂടാ? ഇക്കാര്യം ഉദ്ധരിച്ചുകൊണ്ടു പറയുമായിരുന്നു: അതിൽനിന്ന് ഞാൻ മനസ്സിലാക്കി, ഞങ്ങൾ എത്രയാളുകൾ വഖ്ഫെ സിന്ദഗിയായിട്ട് ഈ ഗ്രൂപ്പിലുണ്ടോ കുറഞ്ഞത് 80 വയസ്സ് തീർച്ചയായും ഞങ്ങൾക്കുണ്ടാകും! അല്ലാഹു 80 വയസ്സുവരെ സേവനം ചെയ്യാൻ തൗഫീഖ് നല്കുന്നതായിരിക്കും. അദ്ദേഹത്തിന്റെ കൂടെയുള്ളവരായിരുന്നു, ചൗദരി ഹമീദുല്ലാഹ് സാഹിബും മുസ്‌ലിഹുദ്ദീൻ സാഹിബും എല്ലാവരും 80 വയസ്സിലേറെ ജീവിച്ചിരുന്നു.

അദ്ദേഹത്തിന്റെ മരുമകൾ പറയുന്നു:എന്റെ ചെറിയ പ്രായത്തിൽതന്നെ എന്റെ പിതാവ് മരണപ്പെട്ടു. അമ്മോശന്റെ രൂപത്തിൽ എനിക്ക് അദ്ദേഹത്തിൽനിന്ന് പിതാവിന്റെ സ്നേഹം കിട്ടി. 22 വർഷത്തെ എന്റെ ദാമ്പത്യജീവിതത്തിൽ എപ്പോഴും അദ്ദേഹത്തിൽനിന്ന് വാത്സല്യത്തിന്റേയും പിതാവിന്റേയും സ്നേഹമാണ് കണ്ടിട്ടുള്ളത്. അഹ്മദിയ്യത്തിന്റെ സത്യസന്ധനായ പ്രേമിയും ഖിലാഫത്തിനെ അഗാധമായി സ്നേഹിക്കുന്ന ആളും സാധുക്കളെ സഹായിക്കുന്ന വ്യക്തിയും അതിഥി സൽക്കാരപ്രിയനും സത്യസന്ധനായ മനുഷ്യനുമായിരുന്നു. ഇരിക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അല്ലാഹുവിന് ദിക്ർ ചെയ്യുമായിരുന്നു. ചെറിയ ചെറിയ കാര്യങ്ങൾക്കുപോലും നന്ദി പ്രകടിപ്പിക്കുമായിരുന്നു. എന്റെ കുട്ടികളുടെ തർബിയ്യത്തിലും അദ്ദേഹത്തിന് വലിയ പങ്കുണ്ട്. അവരെ വിശുദ്ധ ഖുർആനി ന്റെ തർജമ പഠിക്കാനും ഹദ്റത്ത് മസീഹ് മൗഊദിന്റെ ഗ്രന്ഥങ്ങൾ വായിക്കാനും ഉപദേശിക്കുമായിരുന്നു. പിന്നീട് ടെസ്റ്റും എടുക്കുമായിരുന്നു. അവർ പറയുന്നു, കുട്ടികൾ പി താമഹനോടൊപ്പം ഇരിക്കുമ്പോൾ എപ്പോഴും ജമാഅത്തിന്റെ ചരിത്രവും ഖലീഫമാരുടെ വാത്സല്യത്തിന്റേയും സ്നേഹത്തിന്റേയും സംഭവങ്ങളും വിവരിക്കു മായിരുന്നു. ചെറുതിൽ ചെറിയകുട്ടി പോലും വീട്ടിൽ വരികയാണെങ്കിൽ അവരേയും ആതിഥ്യം നല്കാതെ വീട്ടിൽനിന്ന് വിടുമായിരുന്നില്ല.

നാഇബ് വക്കീൽ അസ്സറാഅത്ത് ബാസിൽ സാഹിബ് എഴുതുന്നു: സമീയുല്ലാഹ് സിയാൽ സാഹിബ് അങ്ങേയറ്റം സഹതാപിയായ വ്യക്തിത്വമായിരുന്നു. ഖിലാഫത്തിനോടു അതിരറ്റ സ്നേഹവും അനുരക്തിയുമായിരുന്നു. ഓഫീസിൽ ജോലിക്കാരെ സാമ്പത്തികമായി സഹായിക്കുമായിരുന്നു. ഖലീഫത്തുൽമസീഹുമായി എപ്പോഴും ബന്ധത്തിലിരിക്കണമെന്ന് ഉപദേശിക്കുമായിരുന്നു. ജമാഅത്തിന്റെ ഓരോരോ പൈസയും സൂക്ഷിക്കണമെന്ന പാഠം നല്കുമായിരുന്നു. പൈസ എവിടെനിന്ന് വരുമെന്നുള്ളതിനെ കുറിച്ച് തനിക്ക് ചിന്തയില്ലെന്നും യാഥാർഥ്യമെന്താണെന്നാൽ പൈസ സൂക്ഷിക്കുന്നവർ എവിടെന്ന് വരുമെന്നുള്ള ചിന്തയാണ് തനിക്കുള്ളതെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ! അവരെയാണ് കിട്ടിക്കൊണ്ടിരിക്കേണ്ടത്! *(അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ, വാള്യം 20. പേജ് 319)*

വീണ്ടും പറയുന്നു: ഏതെങ്കിലും വഖ്ഫെ സിന്ദഗീ, അല്ലെങ്കിൽ ഉദ്യോഗസ്ഥൻ, അല്ലെങ്കിൽ ഏതെങ്കിലും അഹ്മദി കാണാൻവേണ്ടി വന്നാൽ ജമാഅത്തിന്റെ സേവനത്തിൽ ഒരുപാട് ബർക്കത്തുണ്ടെന്ന് പറയുമായിരുന്നു. ആരാണോ സേവനം ചെയ്യുന്നത് അല്ലാഹു അയാൾക്ക് അതിരില്ലാതെ നല്കുന്നു. അല്ലാഹു സ്വയമേവ അവന്റെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊണ്ട് പോകുന്നു. തന്റെ ഉദാഹരണം നല്കുന്നു, ഞാൻ ഒന്നുമല്ലായിരുന്നു. അല്ലാഹു എനിക്ക് കണക്കറ്റ് നല്കി. ഇതു വഖ്ഫിന്റെ ബർക്കത്തൊന്നുമാത്രമാണ്.

നസ്രീൻ ഹയ്യ് സാഹിബ പറയുന്നു:ഞങ്ങളുടെ കുടുംബത്തിലെ പ്രധാനപ്പെട്ട ആളുകളിൽപ്പെട്ടയാളായിരുന്നു. എന്റെ മാതാവും പിതാവും എപ്പോഴും അദ്ദേഹത്തെ ഒരുപാട് ആദരിക്കുമായിരുന്നു. അദ്ദേഹത്തിന് പെൺമക്കളാരുമുണ്ടായിരുന്നില്ല. ഞാൻ ഏഴോ എട്ടോ വയസ്സുള്ളപ്പോൾ അദ്ദേഹവും പിതൃസഹോദരിയും എന്നെ **adopt** ചെയ്തു. അതിനുശേഷം വിവാഹംവരെ ഞാൻ അദ്ദേഹത്തോടൊപ്പം താമസിച്ചു. ഇരുവരും എന്നെ മകളെപ്പോലെ നോക്കി. കുട്ടിക്കാലംമുതലെ എന്റെ എല്ലാ ആവശ്യങ്ങളും ശ്രദ്ധിച്ചു. ഏറ്റവും ഉന്നതമായ വിദ്യാഭ്യാസം നല്കി. എന്റെ വിവാഹം ജമാഅത്തിലെ മുറബ്ബിയുമായി നടത്തിച്ചു.

സെക്രട്ടറി ഫള്ലെ ഉമർ ഫൗണ്ടേഷൻ മഹ്മൂദ് ത്വാഹിർ സാഹിബ് പറയുന്നു:അദ്ദേഹം ഒരിക്കൽ പറഞ്ഞു, ഞാൻ ബി.എ, ചെയ്തുകഴിയുകയും ആദ്യത്തെ നിയമനം ഉണ്ടാകുകയും ചെയ്തപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നിർദേശപ്രകാരം എന്നെ എം.എ ചെയ്യുന്നതിന് അയക്കാൻ തുടങ്ങി. ആ നേരത്ത് ഓഫീസിൽ ആരോ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നോടു, അങ്ങ് അദ്ദേഹത്തെ എം.എ ചെയ്യിക്കാൻ പോകുകയാണ്, എം.എ ചെയ്തതിനുശേഷം അദ്ദേഹം എല്ലാവിട്ടു പോയെങ്കിലോ എന്ന ആശങ്ക അറിയിച്ചു. ഭൗതിക ജോലി സ്വീകരിച്ചെങ്കിലോ? അപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു:'സിയാൽ ഒരിക്കലും നന്ദിയില്ലാത്തവനാകുകയില്ല.'

നിഗ്രാൻ ജാഇദാദും തഹ്രീക്കെ ജദീദുമായ വഖ്ഫെ സിന്ദഗീ ഇംറാൻ ബാബർ സാഹിബ് പറയുന്നു: എനിക്ക് 15 വർഷം അദ്ദേഹത്തോടൊപ്പം ജോലി ചെയ്യാനുള്ള അവസരം കിട്ടി. ശക്തമായ നാഡിഞരമ്പുകളുടെ ഉടമയായിരുന്നു. ജമാഅത്തുപരമായ ജോലികളുമായി ബന്ധപ്പെട്ട് ഒരിക്കലും സർക്കാർ ഉദ്യോഗസ്ഥരെ കാണുന്നതിലും സംസാരിക്കുന്നതിലും സങ്കോചപ്പെടുമായിരുന്നില്ല.ട്രെയിനിൽ യാത്ര ചെയ്യാൻ അവസരം കിട്ടിയാൽ തബ്ലീഗ് തീർച്ചയായും ചെയ്യുമായിരുന്നു. അടുത്തിരിക്കുന്നവർ കേൾക്കുന്നതിനു ഉച്ചത്തിൽ സംസാരിക്കുമായിരുന്നു.

വക്കീലുൽമാൽ അവ്വൽ ലുഖ്മാൻ സാഹിബ് പറയുന്നു: ഖിലാഫത്തിന്റെ വിളിക്ക് സ്വയം ലബ്ബയ്ക്ക് പറയുന്ന ആളായിരുന്നു. മറ്റുള്ളവരോടും അങ്ങനെ ചെയ്യാൻ പറയുമായിരുന്നു. തഹ്രീക്കെ ജദീദിന്റെ വിളംബരമുണ്ടാകുമ്പോൾ ഉടനെ വരികയും തന്റെ ചന്ദ തുടങ്ങിയവ കൊടുക്കുകയും വാഗ്ദാനം എഴുതിക്കുകയും ചെയ്യുമായിരുന്നു.

തഹ്രീക്കെ ജദീദിലെ ശയ്ഖ് ഹാരിഥ് സാഹിബ് പറയുന്നു: ഞാൻ വഖ്ഫു ചെയ്തപ്പോൾ അദ്ദേഹം എല്ലാ ഘട്ടത്തിലും എനിക്ക് വഴികാട്ടിയായി. ഒരുപാട് സ്നേഹത്തോടും വാത്സല്യത്തോടും പെരുമാറിയിരുന്നു.വളരെ ധൈര്യവാനായ വാഖ്ഫെ സിന്ദഗിയായിരുന്നു. ജമാഅത്തിന്റെ സ്വത്തുക്കൾ കാത്തുസൂക്ഷിച്ചിരുന്നു. ഹാരിഥ് സാഹിബ് പറയുന്നു:2015-ൽ പാക്കിസ്താൻ എഞ്ചിനിയറിംഗ് കൗൺസിൽ എഞ്ചിനിയർ ജാവേദ് സാഹിബ് ഇസ്‌ലാമാബാദിൽനിന്ന് പ്രത്യേകമായ നിലയിൽ റബ്വ

യിൽ പര്യടനത്തിന് വന്നു. അദ്ദേഹത്തിന്റെ കൂടിക്കാഴ്ച മറ്റു ഉന്നതർക്കു പുറമെ സിയാൽസാഹിബുമായി നടത്തിച്ചു. ഈ ഹ്രസ്വമായ കൂടിക്കാഴ്ചയിലും അദ്ദേഹം തബ്‌ലീഗിന്റെ അവസരം വിട്ടു കളഞ്ഞില്ല. വളരെ നല്ല നിലയിൽ അദ്ദേഹത്തെ തബ്‌ലീഗ് ചെയ്തു. അല്ലാഹു പരേതനോടു കരുണയോടും പൊറുക്കലോടുംകൂടി പെരുമാറട്ടെ. വഖ്ഫെ സിന്ദഗിയായ മകനും വഖ്ഫു നിറവേറ്റാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഖിഫത്തിനോടും ജമാഅത്തിനോടും ചേർന്നിരിക്കാൻ അദ്ദേഹത്തിന്റെ മക്കൾക്കും തൗഫീഖ് നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ബന്ധുക്കൾക്ക് സമാധാനം പ്രദാനം ചെയ്യുമാറാകട്ടെ.

അടുത്ത് ജനാസ പരേതനായ അലി മുഹമ്മദ് സാഹിബ് മുഅല്ലിം വഖ്ഫു ജദീദിന്റെ ഭാര്യ സിദ്ദീഖ ബീഗം സാഹിബയുടേതാണ്. കഴിഞ്ഞദിവസം 85-ാം വയസ്സിൽ അവർ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* ഇവരുടെ മകൻ അബ്ദുൽ ഹാദീ ത്വാരിഖ് സാഹിബ് മുറബ്ബിയാണ്. ഘാന ജാമിഅ അഹ്മദിയ്യായിൽ ഉസ്താദാണ്. ഖാദിയാനടുത്ത് ഫേറോചേച്ചിയിലാണ് ഇവർ ജനിച്ചത്. ഇവരുടെ പിതാവ് അബ്ദുർറഹ്മാൻ സാഹിബ് യുവത്വത്തിൽത്തന്നെ 1944-ൽ വഫാത്തായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇദ്ദേഹത്തിന്റെ വിധവയായ മാതാവ് നവാബ് ബീബീ സാഹിബയേയും കുട്ടികളേയും തന്റെ ചുമതലയിലെടുത്തു. ഖാദിയാനിൽ അവരെ വിളിപ്പിച്ചു. അങ്ങനെ ഹദ്റത്ത് നവാബ് അമത്തുൽ ഹഫീള് ബീഗം സാഹിബ(റ) അവരെ തന്റെ ബംഗ്ലാവിൽ പാർപിച്ചു. മുറബ്ബി സാഹിബ് പറയുന്നു:എന്റെ മാതാമഹി, ഹദ്റത്ത് നവാബ് അമത്തുൽ ഹഫീള് ബീഗം സാഹിബ(റ)യ്ക്ക് സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഇപ്രകാരം ഇന്ത്യാവിഭജനത്തിനുശേഷം പറയുന്നു, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എന്റെ മാതാമഹിയെ അവരുടെ മക്കളോടൊപ്പം സിന്ധിലെ നാസ്വിറാ ബാദ് ഫാമിലേക്ക് അയച്ചു. അവിടെയാണ് ഇവർ വളർന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വ ഹാബി ഹദ്റത്ത് മിയാൻ അല്ലാഹ്ദത്താ സാഹിബിന്റെ മകന്റെ ഭാര്യയായിരുന്നു. ഒരു വാഖ്ഫെ സിന്ദഗിയുടെ ഭാര്യയായിരുന്നു. അവർ തന്റെ വാഖ്ഫെ സിന്ദഗിയായ ഭർത്താവിനോടൊപ്പം വഖ്ഫിന്റെ പൂർണമായ ആത്മാവോടുകൂടി വഖ്ഫെ സിന്ദഗിയെ പോലെ ജീവിച്ചു. എല്ലാ പ്രയാസ ഘട്ടങ്ങളിലും തന്റെ ഭർത്താവിനോടൊപ്പം നിന്നു. ജീവിതത്തിലൊരിക്കലും ആരോടും എന്തെങ്കിലും ആവശ്യപ്പെടുകയോ ചോദിക്കുകയോ ചെയ്തില്ല. കണക്കറ്റ സവിശേഷ ഗുണങ്ങളുടെ ഉടമയായിരുന്നു. അവയിൽ സപ്ഷ്ടമായ നിലയിൽ എളിമയും ദൈവഭയവും സാധുത്വവും അതിഥി സൽക്കാരവും ലളിതമായ സ്വഭാവവും ക്ഷമയുമൊക്കെ ഉണ്ടായിരുന്നു. ജീവിതത്തിലൊരിക്കലും ഒന്നിനെ കുറിച്ചും പരാതിപ്പെട്ടിരുന്നില്ല. ആരിൽനിന്നും ആരുടേയും ദോഷം കേട്ടിട്ടുമില്ല. എല്ലാവരോടും സ്നേഹത്തോടും ആത്മാർഥതയോടും പെരുമാറി. അഞ്ചുനേര നമസ്കാരത്തിനുപുറമെ പതിവായി തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. അതുപോലെതന്നെ പതിവായി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. അവസാന നാളുകളിൽ അനാരോഗ്യം കാരണത്താൽ ശരിയായ നിലയിൽ നമസ്കാരം അനുഷ്ഠിക്കാൻ കഴിഞ്ഞിരുന്നില്ല. അപ്പോൾ അല്ലാഹുവേ! ശരിയായ നിലയിൽ നിന്നെ ആരാധിക്കാനുള്ള ആരോഗ്യം നല്കണെ എന്ന് ദുആ ചെയ്യുമായിരുന്നു.

സന്തപ്ത കുടുംബത്തിൽ ഇവരുടെ രണ്ടു പെൺമക്കളും മൂന്നു ആൺമക്കളുമുണ്ട്. ഞാൻ പറഞ്ഞതുപോലെ ഒരു മകൻ അബ്ദുൽ ഹാദീ ത്വാരിഖ് ഘാനയിലെ മുറബ്ബിയാണ്. അവിടെ കർമരംഗത്തായ കാരണത്താൽ തന്റെ മാതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല.

അല്ലാഹു ഇവർക്കെല്ലാവർക്കും ക്ഷമയും സഹനവും നല്കുമാറാകട്ടെ. അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ. പരേതയോടു കരുണയേടും പൊറുക്കലോടുംകൂടി പെരുമാറുകയും ദർജകൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ.

## 127 – ാമത് ജൽസസാലാന ഖാദിയാൻ 2022 ഡിസംബർ 23, 24, 25 തിയതികളിൽ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽഅസീസ് 127 - ാമത് ഖാദിയാൻ ജൽസ 2022 ഡിസംബർ 23,24,25 തിയതികളിൽ (വെള്ളി, ശനി ഞായർ)നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന് നിയ്യത്തോടുകൂടി തയ്യാറെടുപ്പ് തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസസാലാന എല്ലാവിധത്തിലും വിജയപ്രദവും അനുഗൃഹീതവും അപ്രകാരംതന്നെ ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തവും ആകുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക.*(നാളിർ ഇസ്വ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

പേജ് 1 ൽ നിന്ന്

ഹീം(അ)ന്റെ ധാരാളം സവിശേഷ ഗുണങ്ങൾ വിവരിച്ചിരിക്കുകയാണ്. ഒന്ന് അദ്ദേഹം നന്മയുടെ ഉസ്താദായിരുന്നു എന്നതാണ്. ലോകത്തിന് നന്മ ഉപദേശിച്ചിരുന്നു. രണ്ടാമത്തേത് അദ്ദേഹം എല്ലാ നന്മകളുടേയും സമ്മേളനകേന്ദ്രമായിരുന്നു. എല്ലാ തരത്തിലുള്ള ഉൽക്കൃഷ്ട സ്വഭാവങ്ങളും അദ്ദേഹത്തിലുണ്ടായിരുന്നു. മൂന്നാമത്തേത് അദ്ദേഹം ഉന്നതമായ പ്രകൃതി ഉൾക്കൊള്ളുന്ന ആളായിരുന്നു. അതായത് ഗംഭീരമായ വളർച്ചയ്ക്കുള്ള ശക്തികൾ നിഗൂഢമായി ഉൾക്കൊണ്ടിരുന്നു. അതുമുഖേന സമുദായങ്ങൾ ജന്മംകൊള്ളുക എന്നത് സംഭാവ്യമായിരുന്നു. നാലാമത്തേത് അദ്ദേഹം അനുസരണ ശാലിയായിരുന്നു. ദുആകൾ ചെയ്യുന്നയാളായിരുന്നു. അഞ്ചാമത്തേത് അദ്ദേഹം ഋജുമാനസനായിരുന്നു. വഴിയിൽനിന്ന് വ്യതിചിലിക്കുമായിരുന്നില്ല. ആറാമത്തേത് അദ്ദേഹം അന്യാരാധകനായിരുന്നില്ല. അതായത് ഏകദൈവവിശ്വാസത്തിൽ പൂർണമായും നിലനിന്നിരുന്നു. സമ്പൂർണ ഏകദൈവവിശ്വാസം എന്നതിന്റെ അർഥം ഖാനിത്തൻ ലില്ലായുടേയും **ഹനീഫൻ** എന്നതിന്റേയും ശേഷം ഈ വാക്യം വെക്കപ്പെട്ടിരിക്കുന്നതിൽനിന്നാണ് പുറപ്പെടുന്നത്. ഇതിൽനിന്ന് മനസ്സിലാകുന്നത്, സാധാരണ ഏകദൈവവിശ്വാസിയല്ല ഇവിടെ ഉദ്ദേശ്യമെന്നാണ്. കാര്യമെന്താണെന്നാൽ, പൊതുവായ നിലയിൽ മനുഷ്യന്റെ ഉള്ളിൽ സൽഗുണങ്ങൾ ഉണ്ടാകാൻ തുടങ്ങുമ്പോൾ തന്റെ സത്തയിൽ വിശ്വസിക്കാൻ തടങ്ങുന്നു. അവനിൽ അഹങ്കാരവും അഹന്തയും തന്നിഷ്ടവും ആത്മപ്രശംസയും ഉണ്ടാകാൻ തുടങ്ങുന്നു. അവൻ തന്നത്താൻ വലിയവനാണെന്ന് ധരിക്കുന്നു. ഇതും ഒരു തരത്തിലുള്ള ശിർക്കാണ്. അല്ലാഹു ഹദ്റത്ത് ഇബ്റാഹീമിനെ സംബന്ധിച്ച് **ലം യക്കു മിനൽമുശ്രിക്കീൻ** എന്നു പറഞ്ഞുകൊണ്ട്, ഇത്രയൊക്കെ ഗണവിശേഷങ്ങളുണ്ടായിട്ടും അദ്ദേഹം ദാസനായിത്തന്നെ ഇരിക്കുകയും തന്റെ ഗുണവിശേഷങ്ങൾ തന്റേതെന്നു പറഞ്ഞുകൊണ്ട് ശിർക്കിനൊരിക്കലും ഇരയാകാതിരിക്കുകയും ചെയ്തുവെന്ന് പറഞ്ഞിരിക്കുന്നു. *(തഫ്സീർ കബീർ, വാള്യം 4, പേജ് 267, പ്രസാധനം ഖാദിയാൻ 2010)*

പേജ് 1 ൽ നിന്ന്

പിന്നീട് ഈ വചനം ഓതി: **ഹൽ തഅ്ലമു ലഹൂ സമിയ്യാ** 'അവനു തുല്യഗുണമുള്ള ആരെയെങ്കിലും നീ അറിയുമോ?'(19:66)

തന്റെ സേവകനായ ഹാമിദ് അലിക്ക് തന്റെ കത്ത് പോസ്റ്റോഫീസിൽ ഇടാൻ നല്കി. അയാളിൽനിന്ന് അതെവിടയോ വീണുപോയി. ഒരാഴ്ചയക്കുശേഷം അത് ചപ്പുകൂനയിൽനിന്ന് ലഭിച്ചു. അങ്ങനെ ഹാമിദ് അലിയെ വിളിക്കുകയും കത്തുകാണിക്കുകയും ചെയ്തുകൊണ്ട് വളരെ മൃദുലതയോടെ ഇത്രമാത്രം പറഞ്ഞു: 'ഹാമിദ് അലീ! താങ്കൾക്ക് മറവി ഒരുപാടായി കഴിഞ്ഞിരിക്കുന്നു. ചിന്തിച്ച് പ്രവൃത്തിക്കുക.' *(മൽഫൂദാത്ത് വാള്യം 1, പേജ് 411, പ്രസാധനം ഖാദിയാൻ 2018)*

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.' (ജുമുഅ ഖുത്ബ 4-10-2019)**

## • അല്ലാഹുവിന്റെ കലാം •

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ." (വിശുദ്ധ ഖുർആൻ 3:148)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

പേജ് 8 ൽ നിന്ന്

ഒരു വിനീതദാസനെ, എന്നെ പോലുള്ള ഒരു മനുഷ്യനെ ആരാധിക്കുന്നതിൽ അകപ്പെട്ടുകൊണ്ട് നിന്നിൽനിന്ന് അയാൾ ഒരുപാട് ദൂരപ്പെട്ടുപോയിരിക്കുന്നു.'

തുടർന്ന് പത്രം എഴുതുന്നു: 'തുടക്കത്തിൽ ഡൂയി മധ്യേഷ്യയിൽ നിന്നുള്ള ഈ വെല്ലുവിളിയെ ഗൗനിച്ചതെ ഇല്ല. എന്നാൽ, 1903 സെപ്റ്റംബർ 26-ന് തന്റെ സിയോൺസിറ്റി പബ്ലിക്കേഷനിൽ അയാൾ എഴുതി: 'ജനങ്ങൾ എന്നോട് എന്തുകൊണ്ടാണ് ഈ കാര്യങ്ങൾക്ക് മറുപടി നൽകാത്തതെന്ന് ചോദിക്കുന്നു.' എന്നിട്ട് പറയുന്നു: 'ഈ ഈച്ചകൾക്കും കൊതുകുകൾക്കും ഞാൻ മറുപടി നൽകണമെന്നാണോ നിങ്ങൾ പറയുന്നത്? ഞാൻ എന്റെ കാലുകൾ അവക്കുമേൽ വെച്ചാൽ അതെല്ലാം ചതഞ്ഞരഞ്ഞു പോകുന്നതാണ്. അവയ്ക്ക് പറന്നു പോകാനും അങ്ങനെ ജീവിച്ചുപോകാനും ഞാൻ അവസരം കൊടുക്കുകയാണ്.' ഒരിക്കൽ അയാൾ ഇങ്ങനെയും പറഞ്ഞു: 'അതിൽനിന്ന് അയാൾക്ക് മിർസാ ഗുലാം അഹ്മദിനെ കുറിച്ച് അറിയാമായിരുന്നു എന്ന് വ്യക്തമാണ്. അയാൾ മിർസാ സാഹിബിനെ നഊദുബില്ലാഹ് വിവരദോഷിയായ മുഹമ്മദീ മസീഹ് എന്ന് പരാമർശിച്ചിട്ടുണ്ടായിരുന്നു.' 1903 ഡിസംബർ 12-ന് എഴുതി: 'ഞാൻ ദൈവത്തിന്റെ പ്രവാചകൻ അല്ലെങ്കിൽ ദൈവത്തിന്റെ ഭൂമിയിൽ മറ്റാരുംതന്നെ അങ്ങനെയില്ല.' തുടർന്ന് ജനുവരിയിൽ എഴുതി: 'എന്റെ ജോലി ജനങ്ങളെ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വടക്കുനിന്നും തെക്കുനിന്നും പുറത്തു കൊണ്ടുവന്ന് അവരെ വിവിധ സിയോൺ നഗരങ്ങളിൽ പാർപ്പിക്കുകയാണ്. ഇത് മുസ്‌ലിമീങ്ങൾ നാമാവശേഷമാകുന്നതുവരെയും തുടരുന്നതാണ്. ദൈവം നമുക്ക് ആ സമയം കാണിച്ചു തരുമാറാകട്ടെ.' ഇതാണ് ഡൂയി എഴുതിയത്. മറുഭാഗത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാളെ ശക്തമായി വെല്ലുവിളിച്ചു.

പത്രം വീണ്ടും എഴുതുന്നു: 'മിർസാ സാഹിബ് ശക്തമായ വെല്ലുവിളി ഉയർത്തിക്കൊണ്ട് പറഞ്ഞു: 'നമ്മൾ ഇരുവരിൽ ആരാണോ വ്യാജൻ അയാൾ ആദ്യം നശിക്കട്ടെ എന്ന് നിങ്ങൾ പ്രാർഥിക്കുക.' ഡൂയി മരണപ്പെടുന്ന അവസ്ഥയിൽ അയാളുടെ കൂട്ടുകാർ അയാളെ ഉപേക്ഷിച്ച് പോയിക്കൊണ്ടിരുന്നു. അയാളുടെ അവസ്ഥ ദയനീയമായിരുന്നു. അയാൾ പക്ഷാഘാതം ബുദ്ധിമാന്ദ്യം എന്നീ രോഗങ്ങളിൽ അകപ്പെട്ടു, അയാൾക്ക് വളരെ ദൈന്യമായ മരണമാണുണ്ടായത്.

അതോടൊപ്പം സിയോൺ പട്ടണവും അന്തച്ഛിദ്രങ്ങളാൽ നശിച്ചൊടുങ്ങി. മിർസാ സാഹിബ് മുന്നോട്ടുവന്നു. അദ്ദേഹം വളരെ വ്യക്തമായ ഭാഷയിൽ പറഞ്ഞു: 'താൻ ഈ വെല്ലുവിളിയിൽ, പ്രവചനത്തിൽ വിജയിച്ചിരിക്കുന്നു. എല്ലാ സത്യാന്വേഷികളെയും സത്യം സ്വീകരിക്കാൻ ക്ഷണിക്കുകയാണ് എന്നും അദ്ദേഹം വിളംബരപ്പെടുത്തി. അദ്ദേഹത്തിന്റെ അമേരിക്കൻ എതിരാളികൾക്കുമേൽ ഭവിച്ച ആപത്തിനെ ദൈവിക പ്രതികാരത്തോടൊപ്പം ദൈവിക നീതിയുടെ അടയാളമായും സമർപ്പിച്ചു. ഒരു അനുയായി പറയുന്നു: 'ശത്രുവിന്റെ മരണത്തിൽ സന്തോഷിക്കേണ്ട കാര്യമില്ല. ഡൂയിയുടെ ജീവിതത്തിലെ ചില പ്രത്യേക കാര്യങ്ങളിലേക്ക് സൂചിപ്പിക്കേണ്ട ആവശ്യവുമില്ല. ഇത്തരം കാര്യങ്ങൾ നമ്മുടെ മനോമുകുരത്തിൽനിന്ന് വളരെ വിദൂരമാകുന്നു. ഞങ്ങൾ യാഥാർഥ്യങ്ങൾ അതിന്റെ ഉദ്ദേശ്യങ്ങൾക്കുവേണ്ടിയും കൂടുതൽ സത്യം വെളിപ്പെടുന്നതിനുവേണ്ടിയും പ്രസിദ്ധീകരിക്കുകയാണ്. മരിച്ചവരുടെ തിന്മകൾ പറയാൻ അനുമതി നൽകാത്ത പരിശുദ്ധ മതമാണ് ഇസ്‌ലാം. എന്നാൽ, യാഥാർഥ്യം മറച്ചുവെക്കണമെന്നല്ല. സമൂഹത്തിന്റെ ആവശ്യത്തിന് മനുഷ്യത്വത്തിന്റെ സത്യതയ്ക്ക് അല്ലാഹുവിനുവേണ്ടിയാകുമ്പോൾ അത് വെളിപ്പെടുത്തേണ്ടതാണ്.' തുടർന്ന് ആ അഹ്മദിയെ ഉദ്ധരിച്ചുകൊണ്ട് എഴുതുന്നു: 'ഡൂയിക്കുമേൽ ആപത്തുകൾ ഇറക്കുകയുണ്ടായി. അവസാനം അയാളുടെ അകാലമരണത്തിന് ദുഃഖവും ആപത്തുകളും അല്ലാഹു ഇറക്കിയതാണ്. അങ്ങനെ തന്റെ തീരുമാനം വെളിപ്പെടുത്തുകയുണ്ടായി. അതെ കുറിച്ച് അവൻ തന്റെ പ്രവാചകന് ഈ സംഭവം ഉണ്ടാകുന്നതിന് മൂന്നുനാലു വർഷം മുമ്പേ തന്നെ പറഞ്ഞുകൊടുത്തിരുന്നു.'(SUNDAY HERALD-BOSTON JUNE 23-1907- MAGZINE SECTION)

ഇത് ഒരു പത്രത്തിന്റെ മാതൃകയാണ് കാണിച്ചത്. തീർച്ചയായും ഇതൊരു വിജയമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനു ള്ള തെളിവായിരുന്നു. ഇന്നും അത് തെളിവാണ്. എന്നാൽ, ഞാൻ പറഞ്ഞതുപോലെ ആ മഹാത്മാവിന്റെ ദൗത്യം വളരെ വിശാലമാകുന്നു. ഇതൊരു യുദ്ധത്തിലെ ഒരു ഭാഗത്ത് മാത്രമുള്ള വിജയത്തിന്റെ അനുസ്മരണമാകുന്നു.

നമുക്ക് യഥാർഥമായ സന്തോഷം നമ്മൾ ഈ ലോകത്തെ നബി(സ)തിരുമേനിയുടെ കാൽക്കീഴിൽ കൊണ്ടുവരുമ്പോഴായിരിക്കും. അതിനുവേണ്ടി നമുക്ക് ഈ മസ്ജിദ് നിർമിച്ചതോടൊപ്പംതന്നെ തബ്ലീഗിന്റെ പുതിയ മാർഗങ്ങളും അന്വേഷിക്കേണ്ടതായിട്ടുണ്ട്.

മുഹമ്മദീ മസീഹിന്റെ തെളിവുകൾ ലോകത്തിന് മുന്നിൽ സമർപ്പിക്കേണ്ടതുണ്ട്. നേരത്തേതിലും അധികം നമ്മുടെ കർമപരവും ആത്മീയപരവുമായ അവസ്ഥകൾ നന്നാക്കേണ്ടതുണ്ട്. ഞാൻ പറഞ്ഞതുപോലെ യഥാർഥമായ മഹത്തായവിജയം മക്കയിലുണ്ടായ വിജയമായിരുന്നു. മക്കാ വിജയത്തിനുശേഷം നബി(സ)തിരുമേനിയോ ഖുലഫാഉർറാശിദീനോ പിന്നീടുവന്ന മുസ്‌ലിമീങ്ങളോ തബ്ലീഗ് പ്രവർത്തനങ്ങൾ നിറുത്തി വെച്ചിരുന്നുവോ? ഇസ്‌ലാമിന്റെ സന്ദേശം ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതിൽ പൂർണമായും ശ്രമിച്ചിട്ടുണ്ടായിരുന്നില്ലേ? യുദ്ധങ്ങൾ മുഖേന പ്രദേശങ്ങൾ ജയിച്ചടക്കിയിരുന്നില്ലേ? യുദ്ധങ്ങൾ മുഖേനയും ഉണ്ടായിട്ടുണ്ട്, പക്ഷേ, ദീനിനെ പ്രചരിപ്പിക്കുന്നതിനുവേണ്ടി ആയിരുന്നില്ല. മറിച്ച് ഹൃദയങ്ങളെയാണ് ജയിച്ചടക്കിയത്. അതുമുഖേന ത്യാഗസന്നദ്ധരായ ആളുകൾ കൂട്ടം കൂട്ടമായി ഇസ്‌ലാമിൽ വന്നുകൊണ്ടിരുന്നു. ആയതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ലഭ്യമായ വിജയത്തെ നിരന്തരമായ തബ്ലീഗും ദുആകളുംകൊണ്ട് സ്ഥായിയായി നിലനിറുത്തേണ്ടത് അനിവാര്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അംഗീകരിച്ചവർ ആദ്യത്തിൽ വന്നവരുമായിചേർന്ന അവസാന കാലത്തെ ആളുകളാകുന്നു എന്നിരിക്കെ ആദ്യമുണ്ടായിരുന്ന ആളുകൾ തബ്ലീഗ് നിറുത്തി വെച്ചിരുന്നുവോ? ആത്മീയവും ആധ്യാത്മികവുമായ പുരോഗതിയിൽനിന്ന് പിന്തിരിഞ്ഞിരുന്നുവോ? അവർ ഇബാദത്തുകളുടെ നിലവാരം കുറച്ചിട്ടുണ്ടായിരുന്നുവോ? മുസ്‌ലിമീങ്ങളിൽ ഇതൊക്കെ ഉണ്ടായിരുന്നിടത്തോളം ഇസ്‌ലാം പുരോഗതി പ്രാപിച്ചുകൊണ്ടിരുന്നു. ഭൗതികത ആധിപത്യം പുലർത്താൻ തുടങ്ങിയപ്പോഴാണ് മുസ്‌ലിമീങ്ങൾ ക്ഷയിച്ചു തുടങ്ങിയത്. തഖ്‌വയുടെ നിലവാരം താഴ്ന്നു കൊണ്ടിരുന്നു. ഇബാദത്തുകളിൽ ശ്രദ്ധ കുറഞ്ഞു കൊണ്ടിരുന്നു. എന്നാൽ, ഖിയാമത്തുന്നാൾവരെയും ഈ ദീനിനെ നിലനിറുത്തുമെന്നതും പ്രബലത നല്കുമെന്നതും അതിനുവേണ്ടി അവസാന കാലത്ത് വാഗ്ദത്ത മഹ്ദി മസീഹിനെ അയക്കുമെന്നതും അല്ലാഹു നബി(സ)തിരുമേനിയോടു ചെയ്ത വാഗ്ദാനമായിരുന്നു. അങ്ങനെ വാഗ്ദത്ത മസീഹിനെ അയച്ചു. അദ്ദേഹം ലോകത്തിന് തന്റെ ആഗമനത്തെ കുറിച്ച് അറിയിപ്പുനൽകി. സംവിധാനങ്ങളൊന്നും ഇല്ലാതിരുന്നിട്ടും യൂറോപ്പിലും അമേരിക്കയിലും ലോകത്തിന്റെ വിവിധ നാടുകളിലും അദ്ദേഹത്തിന്റെ സന്ദേശമെത്തി. ഡൂയിയുടെ കാര്യത്തിൽ അതെത്രമാത്രം പ്രൗഢിയോടുകൂടിയാണ് എത്തിയതെന്നതും നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. അദ്ദേഹം മുഖേന അല്ലാഹു ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിന് വിത്ത് വിതച്ചത് വളരെ മഹത്തായ രീതിയിൽ ലോകത്ത് പരക്കുകയും പുഷ്പിക്കുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അല്ലാഹു അദ്ദേഹത്തോട് ഒരുപാട് വാഗ്ദാനങ്ങൾ ചെയ്തിട്ടുണ്ട്. അല്ലാഹു ഇൽഹാമിലൂടെ പറഞ്ഞു: 'അല്ലാഹു നിന്നെ ഉപേക്ഷിക്കുന്നവനല്ല. അല്ലാഹു നിനക്ക് അനിതര സാധാരണമായ അന്തസ്സ് നൽകുന്നതാണ്. ജനങ്ങളല്ല ഞാനാണ് നിന്നെ രക്ഷിക്കുക.*(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ്442)*

ഇങ്ങനെ നിരവധി വാഗ്ദാനങ്ങൾ അല്ലാഹു അദ്ദേഹത്തോടു ചെയ്തിട്ടുണ്ടായിരുന്നു. ജമാഅത്തിന്റെ 133 വർഷത്തെ ചരിത്രം എങ്ങനെയാണ് അല്ലാഹു തന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിച്ചതെന്നതിനുള്ള സാക്ഷ്യമാകുന്നു. ഇന്ന് ജമാഅത്ത് ലോകത്തിലെ 220 രാഷ്ട്രങ്ങളിൽ പരന്നിരിക്കുന്നു. ഈ സന്ദേശമെത്തിക്കുന്നതിനുള്ള സംവിധാനവും അല്ലാഹു തന്നെയാണ് ചെയ്തത്. ലോകമിന്ന് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ വാഗ്ദത്ത മഹ്ദി മസീഹ് എന്ന നിലയിലാണ് മനസ്സിലാക്കുന്നത്. അദ്ദേഹം എല്ലാ എതിരാളികളെയും പോരിന് ക്ഷണിക്കുകയുണ്ടായി. അവർക്ക് ഓടി രക്ഷപ്പെടുക എന്നല്ലാതെ മറ്റൊരു മാർഗ്ഗമുണ്ടായിരുന്നില്ല. അതല്ലെങ്കിൽ അല്ലാഹു അവരെ നശിപ്പിക്കുകയാണുണ്ടായത്. തീർച്ചയായും പ്രവാചകന്മാരുടെ ജമാഅത്തുകൾക്കെതിരിൽ എതി ർപ്പുകൾ ഉണ്ടായിക്കൊണ്ടിരിക്കും., എന്നാൽ, ശത്രുക്കൾ ആഗ്രഹിച്ചത് അവർക്ക് കിട്ടുകയില്ല.

ഇതുതന്നെയാണ് അഹ്മദിയ്യ ജമാഅത്തിനോടും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അഹ്മദിയ്യ ജമാഅത്തിനെ ഇല്ലാതാക്കാൻ ശത്രുക്കൾ എല്ലാ സംവിധാനങ്ങളും കഴിവുകളും തീക്ഷ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ടിരുന്നു. ഇന്നും അങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നു. ദുർബല വിശ്വാസികൾ അതുമുഖേന കാലിടറിപ്പോകുന്നുമുണ്ട്. എന്നാൽ, ഒരാൾ പോകുമ്പോൾ അല്ലാഹു ആയിരങ്ങളെ പ്രദാനം ചെയ്തു കൊണ്ടിരിക്കുന്നു.

അതുകൊണ്ട് നമ്മൾ ആത്മാർഥതയെ കുറിച്ച് വാദമുള്ളവരാണെങ്കിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി, നബി(സ)തിരുമേനി പ്രവചിച്ച അതെ വാഗ്ദത്ത മഹ്ദി മസീഹാണെന്ന് നമ്മൾ വിളംബരപ്പെടുത്തുന്നുവെങ്കിൽ നമ്മൾ നമ്മുടെ കഴിവുകൾ മുഴുവനും ഹദ്റത്ത് മഹ്ദി മസീഹിന്റെ സഹായികളാകുന്നതിനുവേണ്ടി വിനിയോഗിക്കേണ്ടി വരും. സ്വഹാബാക്കൾ കാണിച്ച മാതൃകകൾ നമുക്ക് കാണിക്കേണ്ടിവരും.

നമ്മൾ മുസ്‌ലിമീങ്ങളെ ഒരു ദീനിൽ ഒരുമിച്ചുകൂട്ടി അവർക്കുള്ളിലെ അനാചാരങ്ങൾ വിപാടനം ചെയ്യണം. അമുസ്‌ലിമീങ്ങൾക്കും ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനങ്ങളെ കുറിച്ച് ബോധ്യപെടുത്തിക്കൊണ്ട് അവരെ ഏകദൈവത്തെ ആരാധിക്കുന്നവരും നബി(സ)തിരുമേനിക്കുമേൽ സ്വലാത്ത് ചൊല്ലുന്നവരും ആക്കണം. അങ്ങനെയാണെങ്കിൽ മാത്രമേ നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്ത് യഥാവിധി നിറവേറ്റാൻ കഴിയുകയുള്ളൂ. അല്ലാത്തപക്ഷം നമ്മുടെ ബയ്അത്തിന്റെ വാദങ്ങൾ പൊള്ളയായിരിക്കും. അത് പ്രാപിക്കുന്നതിന് നമ്മുടെ ഇബാദത്തുകളുടെ നിലവാരം ഉയർത്തേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ മസ്ജിദുകൾ നിർമിക്കുന്നത് അസ്ഥാനത്തായിരിക്കും. നമ്മൾ നമ്മുടെ ജീവിത ലക്ഷ്യങ്ങൾ തിരിച്ചറിയുമ്പോൾ മാത്രമാണ് അത് കരസ്ഥമാകുക. ജീവിതത്തിന്റെ ലക്ഷ്യമെന്താണ്? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മനുഷ്യനു തന്റെ ജീവിതലക്ഷ്യം സ്വയം നിജപ്പെടുത്താൻ സാധ്യമല്ല. അല്ലാഹുവാണ് മനുഷ്യനെ സൃഷ്ടിച്ചത്. അല്ലാഹു പറയുന്നു: *വമാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലി യഅ്ബുദൂൻ.*(അദ്ദാരിയാത്ത്:67) അതായത് ജിന്നിനെയും ഇൻസിനെയും എന്നെ ആരാധിക്കുന്നതിന് മാത്ര

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 27 Oct - 3 Nov 2022 Issue-43-44

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

മാണ് സൃഷ്ടിച്ചിട്ടുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നിരവധി സ്ഥലങ്ങളിൽ ഈ ആയത്തിനെ വിശദീകരിച്ചിട്ടുണ്ട്. ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു: 'മനുഷ്യ സൃഷ്ട്ടിപ്പിന്റെ യഥാർഥ ഉദ്ദേശ്യം തന്റെ നാഥനെ തിരിച്ചറിയുകയും അവനെ അനുസരിക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹു പറയുന്നു: *വമാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലി യഅ്ബുദൂൻ* ഞാൻ ജിന്നിനെയും ഇൻസിനെയും എന്നെ ആരാധിക്കുന്നതിന് മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളത്. എന്നാൽ, ഖേദകരമെന്ന് പറയട്ടെ. ഈ ലോകത്ത് വരുന്ന ഭൂരിഭാഗമാളുകളും പക്വത വന്നതിനു ശേഷം തങ്ങളുടെ കടമകളെ മനസ്സിലാക്കി ജീവിത ലക്ഷ്യത്തെ മുൻനിറുത്തുന്നതിനു പകരം അല്ലാഹുവിനെ ഉപേക്ഷിച്ച് ഭൗതികതയിലേക്ക് ചായുന്നു. അവർ ഭൗതിക സാമ്പത്തിന്റെയും അന്തസ്സിന്റെയും ആളുകളാവുകയും ദൈവികാംശം വളരെ കുറയ്ക്കുകയും ചെയ്യുന്നു. ഒരുപാടാളുകളുടെ ഹൃദയത്തിൽ അങ്ങനെയൊന്ന് ഇല്ല തന്നെ. അവർ ഈ ലോകത്തുതന്നെ വ്യാപൃതരാകുകയും അതിൽ തങ്ങളെ ഹോമിക്കുകയും ചെയ്യുന്നു. ദൈവം ഉണ്ടെന്നുപോലും അവർ അറിയുന്നില്ല; അവസാനം ജീവൻ പിടിക്കാൻ വരുന്നവർ എത്തുമ്പോഴാണ് മനസ്സിലാക്കുന്നത്. അതായത് മരണം എത്തുന്ന സമയത്ത്! നമ്മൾ കാലഘട്ടത്തിന്റെ ഇമാമിനെ അംഗീകരിച്ചുവെന്ന് വാദിക്കുന്നവരാണ്. നമ്മുടെ മാതൃക ഇതേ രീതിയിൽ ജീവിച്ചുപോകുക എന്നതല്ല. നമുക്ക് നമ്മുടെ ജീവിതലക്ഷ്യം തിരിച്ചറിയുന്നതിന് പരിശ്രമിച്ചുകൊണ്ട് ഇബാദത്തുകൾ യഥാവിധി അനുഷ്ഠിക്കേണ്ടതുണ്ട്. ഈ മനോഹരമായ മസ്ജിദിലേക്ക് ജനങ്ങളുടെ ശ്രദ്ധ ഉണ്ടാകണമെങ്കിൽ, ഇസ്‌ലാമിന്റെ സന്ദേശം ശരിയായ രീതിയിൽ പരത്താൻ കഴിയണമെങ്കിൽ, വാഗ്ദത്ത മസീഹിന്റെ ദൗത്യം പൂർത്തീകരിക്കാൻ കഴിയണമെങ്കിൽ നമ്മുടെ പ്രയത്നങ്ങളെ അല്ലാഹുവിന്റെ സഹായത്തോടുകൂടി സ്വായത്തമാക്കാൻ ശ്രമിക്കേണ്ടതായിവരും. ഇത് സാധ്യമാകണമെങ്കിൽ നമ്മുടെ ഇബാദത്തുകൾ യഥാവിധി അനുഷ്ഠിക്കുന്നവരായി നമ്മൾ മാറേണ്ടതാണ്. അതുകൊണ്ട് ഓരോ അഹ്മദിയും ഇതേ കുറിച്ച് ചിന്തിക്കുകയും അതിനെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുകയും വേണം. ഇബാദത്തുകൾ യഥാവിധി അനുഷ്ഠിക്കാൻ ശ്രമിക്കേണ്ടതാണ്. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വാംശീകരിച്ചുകൊണ്ട് തങ്ങളുടെ ഇഹലോകവും പരലോകവും സുന്ദരമാക്കാൻ പരിശ്രമിക്കേണ്ടതാണ്.

പറഞ്ഞതിന്റെ ചുരുക്കം ഇന്ന് ഈ മസ്ജിദിന്റെ ഉദ്ഘാടനം മഹത്തായതായി തീരണമെങ്കിൽ നമ്മൾ നമ്മുടെ ജീവിതോദ്ദേശ്യമെന്ന യാഥാർഥ്യം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതല്ലെങ്കിൽ ലോകത്ത് നിരവധി ഭംഗിയുള്ള വളരെ ഉന്നതമായ മസ്ജിദുകളുണ്ട്. പക്ഷേ, അവിടെ വരുന്നവർ തങ്ങളുടെ ജീവിതലക്ഷ്യം പൂർത്തിയാക്കാത്തവരാണ്. ഇബാദത്ത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അഞ്ചുനേര നമസ്കാരങ്ങൾ അതല്ലെങ്കിൽ ഏതാനും നമസ്കാരങ്ങൾ കോഴി ധാന്യം കൊത്തിപ്പിറക്കുന്നതുപോലെ അനുഷ്ഠിക്കുക എന്നതല്ല. മറിച്ച് ഇബാദത്ത് എന്ന് പറയുന്നത് നമസ്കാരങ്ങൾ യഥാവിധി അനുഷ്ഠിക്കുക എന്നതാണ്. അത് ഭംഗിയായി അനുഷ്ഠിക്കേണ്ടതാണ്. നബി(സ)തിരുമേനി ഒരു വ്യക്തിയോട് മൂന്നും നാലും തവണ വീണ്ടും വീണ്ടും നമസ്കരിക്കാൻ പറഞ്ഞുകൊണ്ടിരുന്നു. നബി(സ)തിരുമേനിയുടെ വീക്ഷണത്തിൽ അയാൾ നമസ്കാരം യഥാവിധി അനുഷ്ഠിക്കുന്നുണ്ടായിരുന്നില്ല. നമസ്കാരം ഭംഗിയായി നിർവഹിക്കുന്നുണ്ടായിരുന്നില്ല. നമസ്കാരങ്ങൾ യഥാവിധി അനുഷ്ഠിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാകുന്നതാണ്. ഇങ്ങനെ ഇബാദത്തുകൾ സ്വീകരിക്കപ്പെടണമെങ്കിൽ അല്ലാഹുവിന്റെ ദാസന്മാരോടുള്ള കടമകളും നിറവേറ്റേണ്ടതാണ്. ജനങ്ങളുടെ അവകാശങ്ങൾ ധ്വംസിക്കുന്നവരെ കുറിച്ച് അല്ലാഹു പറയുന്നു, 'അവരുടെ നമസ്കാരങ്ങൾ അവരുടെ നാശത്തിന് ഹേതുവാകുന്നു. അത് അവരുടെ മുഖത്തേക്ക് എറിയപ്പെടുന്നതാണ്.' അതുകൊണ്ട് നമ്മുടെ ഉദ്ദേശ്യം മസ്ജിദുകളെ സജീവമാക്കുകയാണ്. അല്ലാഹുവിന്റെ കല്പനകൾ പ്രാവർത്തികമാക്കിക്കൊണ്ട് സജീവമാക്കുകയാണ്. അത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടി അനുഷ്ഠിക്കേണ്ടതാണ്.

ആരെയാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) വെല്ലുവിളിച്ചിട്ടുണ്ടായിരുന്നത്, അയാൾ എന്താണ് ആഗ്രഹിച്ചിരുന്നത്? അയാൾ മതത്തിന്റെ പേരിൽ ഈ ലോകത്ത് തന്റെ ഭരണം ആഗ്രഹിക്കുകയായിരുന്നു. അതിന് അയാൾ ഈസാനബിയുടെ പേര് ഉപയോഗിക്കുകയായിരുന്നു. ഞാനിപ്പോൾ പത്രത്തിന്റെ ഉദ്ധരണികളിൽനിന്ന് കേൾപ്പിച്ചതുപോലെ മുഹമ്മദീ മസീഹിനോട് അയാൾ താൻ ഇങ്ങനെ ചെയ്യും താൻ അങ്ങനെ ചെയ്യുമെന്നെല്ലാം വലിയ വീരവാദം മുഴക്കി. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാളെ പ്രാർഥനയുടെ ദിവ്യ സമരരംഗത്തേക്ക് വെല്ലുവിളിച്ചപ്പോൾ അയാളുടെ പര്യവസാനം പ്രകടമായി. ലോകം എല്ലാ ഭാഗത്തുനിന്നും ഡൂയിയുടെ നിന്ദ്യതയും ദൈന്യതയും കണ്ടു. അതെത്രമാത്രം പ്രകടമായ അടയാളമായിരുന്നുവെന്നാൽ പത്രങ്ങൾ പോലും അതംഗീകരിച്ചു. അതല്ലാതെ അവർക്ക് മറ്റു മാർഗങ്ങൾ ഇല്ലായിരുന്നു. മിർസാ ഗുലാം അഹ്മദിനെ 'മഹാൻ' എന്ന് പ്രഖ്യാപിക്കാൻ അവർ നിർബന്ധിതരായി. എന്നാൽ, ഈ മഹത്തായ വിജയത്തിന്റെ സന്തോഷത്തിൽ നമ്മൾ അതിന്റെ സ്മരണക്കുവേണ്ടി ഒരു മസ്ജിദ് നിർമിച്ചാൽ മതിയോ? ഞാൻ പറഞ്ഞതുപോലെ അങ്ങനെയാണോ സന്തോഷിക്കേണ്ടത്? നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആയുടെ ഫലങ്ങളാണ് കഴിച്ചതും കഴിച്ചു കൊണ്ടിരിക്കുന്നതും. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ), തന്നെ അംഗീകരിക്കുന്നവരോടും ഇതേ മാർഗത്തിൽ പദമൂന്നാൻ ഉപദേശിച്ചിട്ടുണ്ട്. അത് അല്ലാഹുവുമായി ബന്ധമുണ്ടാക്കുന്നതിനുള്ള മാർഗങ്ങളാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) കേവലം നാശത്തെ കുറിച്ചുള്ള വെല്ലുവിളി മാത്രമല്ല നടത്തിയത്. പ്രത്യുത ഇസ്‌ലാമിന്റെ മഹത്ത്വത്തിനുവേണ്ടിയാണ് ആ വെല്ലുവിളി നടത്തിയത്. ലോകത്തെ ഇസ്‌ലാമിക പതാകയ്ക്കുകീഴിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് അങ്ങനെ ചെയ്തത്. അത് നൽകാനുണ്ടായ കാരണം മുഹമ്മദീ മസീഹിന്റെ ഭരണത്തെ ലോകത്ത് സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. അത് മുഹമ്മദ് റസൂലുല്ലാഹി(സ)യുടെ പതാകയെ ഉയർത്തിക്കൊണ്ട് ഏക ദൈവത്തിന്റെ ഭരണം ലോകത്ത് സ്ഥാപിക്കുന്നതിനുവേണ്ടിയായിരുന്നു.

ഇന്ന് മുഹമ്മദീ മസീഹിന്റെ സന്ദേശം രാജ്യത്തിന്റെ കോണുകളോളമെത്തിക്കുമെന്നും അതാണ് തങ്ങളുടെ കർത്തവ്യമെന്നും പ്രഖ്യാപിച്ചുകൊണ്ട് മസീഹ് മൗഊദിന്റെ ജമാഅത്തിൽ ഭാഗഭാക്കായ നമ്മുടെ കടമകൾ അല്ലാഹുവിന്റെ ഏകത്വം ഭൂമിയിൽ സ്ഥാപിക്കുകയാണ്. ഈ കർത്തവ്യം പൂർത്തിയാക്കണമെങ്കിൽ നമുക്ക് അല്ലാഹുവുമായുള്ള ബന്ധം ഉണ്ടാക്കേണ്ടതായിട്ടുവരും. തഖ്‌വയിൽ മുന്നേറേണ്ടതായി വരും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നമ്മുടെ ജമാഅത്തിന് പ്രത്യേകിച്ചും അവർ തങ്ങളെ ദൈവനിയോഗിതനാണെന്ന് വാദിക്കുന്ന ഒരാളുമായി ചേർത്തു പറയുന്നതിനാൽ സവിശേഷമായ തഖ്‌വ ആർജിക്കേണ്ടത് അനിവാര്യമാണ്. എങ്കിൽ മാത്രമേ അവർ അകപ്പെട്ടിട്ടുള്ള വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും ശിർക്കുകളുടെയും ഭൗതിക ചായ്‌വുകളുടെയും അത്യാപത്തുകളിൽനിന്ന് അവർക്ക് രക്ഷ പ്രാപിക്കാൻ കഴിയുകയുള്ളൂ.

നമ്മുടെയുള്ളിൽ പരിശുദ്ധി വരുത്തേണ്ടതും അനിവാര്യമാണ്. നമുക്കുള്ളിൽ ഈ പരിശുദ്ധി ഉണ്ടാകുമ്പോൾ തഖ്‌വാ അഥവാ ദൈവഭയം ഉണ്ടാകുന്നതാണ്. പിന്നെ ലോകത്ത് അടയാളങ്ങൾക്കുമേൽ അടയാളങ്ങൾ വെളിപ്പെടുന്നത് കാണുമാറാകും. ഈ സ്ഥാനം വിജയങ്ങളുടെ കൂടുതൽ വഴികൾ തുറന്നു തരുന്നതാണ്, ഇൻശാ അല്ലാഹ്. ഈ അവസ്ഥയിൽ മഹത്തായ വിജയങ്ങളുടെ യാഥാർഥ്യം നമുക്ക് കാണാൻ കഴിയുന്നതാണ്.

അല്ലയോ മുഹമ്മദീ മസീഹിന്റെ ദാസൻമാരെ! ഓരോ വിജയത്തിന്റേയും അടയാളം നമ്മുടെ ഉള്ളിൽ ഒരു വിപ്ലവം ഉണ്ടാക്കുന്നത് ആവേണ്ടതാണ്. അതുകൊണ്ട് ഇന്നത്തെ ദിവസം നിങ്ങൾക്കുള്ളിൽ ഒരു ആത്മീയ വിപ്ലവം ഉണ്ടാകുന്ന ദിവസമായിരിക്കുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്യുവിൻ! നമ്മുടെ മക്കൾക്കും തലമുറകൾക്കുംവേണ്ടി ആത്മീയ വിപ്ലവത്തിന്റെ ദിവസമാകുന്നതായിരിക്കും. ആകേണ്ടതുമാണ്. അതല്ലാതെ ഡൂയിയുടെ നാശത്തെ കുറിച്ചോ ഈ നാട്ടിലുള്ള ആളുകൾ ഡൂയിയെ കുറിച്ച് അറിയാതിരുന്നതുകൊണ്ടോ നമുക്ക് എന്ത് പ്രയോജനം കിട്ടാനാണ്. നമ്മൾ അവർക്ക് ഈ കാര്യങ്ങൾ അറിയാത്തത് പറഞ്ഞു കൊടുത്തു. അതുകൊണ്ട് പ്രയോജനം ഉണ്ടാകണമെങ്കിൽ ഈ മഹത്തായ വിജയത്തെ കുറിച്ചുള്ള വിജയം പൂർത്തിയാകുന്നതുമുഖേന നമ്മുടെ ഉള്ളിലും ഒരു വിപ്ലവം ഉണ്ടാകണം. ഒരു മഹത്തായ വിപ്ലവം സംജാതമാകണം. നമ്മുടെ രാജ്യക്കാരും ലോകം മുഴുവനും ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ ദാസത്വത്തെ തങ്ങളുടെ കഴുത്തുകളിൽ അണിയണം. അല്ലാഹുവിന്റെ ഏകത്വത്തിന്റെ വക്താക്കളായി മാറണം. അതിനുവേണ്ടി ത്യാഗങ്ങൾ വരിക്കാൻ തയ്യാറാകണം. അല്ലാഹു നമുക്കും നമ്മുടെ തലമുറകൾക്കും ഈ സ്ഥാനം കരസ്ഥമാക്കാൻ തൗഫീഖ് നൽകുമാറാകട്ടെ.

ഈ മസ്ജിദിനെ സംബന്ധിച്ച് ഇവർ എഴുതിയിട്ടുള്ള വിശദീകരണങ്ങളുണ്ട്. അത് പിന്നീട് നിങ്ങൾക്ക് അറിയാൻ കഴിയുന്നതാണ്. ചില കാര്യങ്ങൾ ഞാൻ വിവരിച്ചിട്ടുണ്ട്.




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin